

11


# THE VOICE OF MALAYALAM

www.thevoiceofmalayalam.com

INTERNATIONAL MALAYALAM MAGAZINE

JULY 2026 Price: $ 1

A GLOBAL PLATFORM FOR BUSINESS & INSPIRATION


## ഡോ. വർഗ്ഗീസ്മൂലൻ:
സൗദി അറേബ്യയിൽ വിദേശ നിക്ഷേപ ലൈസൻസ് സ്വന്തമാക്കിയ ആദ്യ ഇന്ത്യക്കാരൻ



15

## ടി.പി. ശ്രീനിവാസൻ:
നയതന്ത്രവീഥിയിലെ കർമ്മയോഗി



10

## കമലാ ദേവി ഹാരിസ്:
അമേരിക്കൻ രാഷ്ട്രീയത്തിലെ ഇന്ത്യൻ കരുത്ത്



05

# ലോക രാഷ്ട്രങ്ങൾക്കിടയിലെ ഭാരതത്തിന്റെ ശബ്ദം വിശ്വഗുരുവിലേക്കുള്ള നരേന്ദ്ര മോദിയുടെ ചുവടുവെയ്പ്പ്


*Best Compliments from*

MACKENNA MINING INDIA (P) LTD.
www.mackennamining.com

PULIKKOTTIL BUILDING, 2nd FLOOR
DOOR NO: P3,66/4621-B4
OPPOSITE HOTEL GREEN LAND RESIDENCY
MONASTERY ROAD, KARIKKAMURI
ERNAKULAM - 682011
KERALA, SOUTH INDIA.


9447 397 345 | 7025 025 999
info@mackennamining.com
mackennaminingprivatelimited@gmail.com


malaysia airlines
TIME FOR
MALAYSIA AIRLINES
WIN YOURSELF A PAIR OF BUSINESS CLASS TICKETS TO THE MALDIVES AND TOP 1000 PARTICIPANTS TO WIN LIMITED EDITION MALAYSIA AIRLINES GIFT
malaysia airlines
Your Gateway to Asia & Beyond
malaysia airlines
Your Gateway to Asia & Beyond
TIME FOR PARIS
FOR MALAYSIA
malaysia airlines
Your Gateway to Asia & Beyond
Book now at www.malaysiaairlines.com
Terms and conditions apply.
Malaysia Airlines Berhad 201401040794 (1116944-X)

# വിഴിഞ്ഞം: ആഗോള സമുദ്രവ്യാപാര ഭൂപടത്തിൽ ഇന്ത്യയുടെ വിപ്ലവകരമായ കുതിപ്പ്


■ വാണിജ്യ ബ്യൂറോ

**“കേരളത്തെ അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഹൃദയഭൂമിയാക്കി മാറ്റുന്ന വിഴിഞ്ഞം തുറമുഖം, വരുംതലമുറകളുടെ സാമ്പത്തിക സുരക്ഷിതത്വവും രാജ്യത്തിന്റെ സമുദ്രവ്യാപാര മേധാവിത്വവും ഉറപ്പുവരുത്തുന്നതിൽ ഏറ്റവും നിർണ്ണായകമായ നാഴികക്കല്ലാണ്.**











**കേ**രളത്തിന്റെ ചരിത്രത്തിൽ മാത്രമല്ല, ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സാമ്പത്തിക ഭൂമിശാസ്ത്രത്തിൽത്തന്നെ സുവർണ്ണ രേഖ ചമയ്ക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ മൾട്ടിപ്പർപ്പസ് പോർട്ട്. കേവലമൊരു പ്രാദേശിക വികസനത്തിനപ്പുറം, ആഗോള ലോജിസ്റ്റിക്സ് ശൃംഖലയെത്തന്നെ മാറ്റിമറിക്കാൻ ശേഷിയുള്ള ഇന്ത്യയുടെ ആദ്യത്തെ സമ്പൂർണ്ണ ട്രാൻഷിപ്പ്മെന്റ് ഹബ്ബായി വിഴിഞ്ഞം അതിവേഗം രൂപപ്പെടുകയാണ്. ലോകത്തിലെ ഏറ്റവും തിരക്കേറിയ അന്താരാഷ്ട്ര കപ്പൽച്ചാലിനോട് വെറും 10 നോട്ടിക്കൽ മൈൽ മാത്രം അകലെയാണ് വിഴിഞ്ഞം സ്ഥിതി ചെയ്യുന്നത് എന്നതും, 20 മുതൽ 24 മീറ്റർ വരെ സ്വാഭാവിക ആഴം ലഭ്യമാണെന്നതും ഈ തുറമുഖത്തിന്റെ തന്ത്രപ്രധാനമായ മേന്മ വർദ്ധിപ്പിക്കുന്നു. നിലവിൽ ഇന്ത്യയിലേക്കുള്ള ഭീമൻ മദർ ഷിപ്പുകൾ കൊളംബോ, സിംഗപ്പൂർ, ദുബായ് തുറമുഖങ്ങളെയാണ് ആശ്രയിക്കുന്നത്. എന്നാൽ വിഴിഞ്ഞം പൂർണ്ണസജ്ജമാകുന്നതോടെ ഈ വിദേശ ആശ്രിതത്വം അവസാനിക്കുകയും, ചരക്കുനീക്കത്തിലെ സമയലാഭത്തിനൊപ്പം കൈകാര്യം ചെയ്യൽ കൂലിയായി നൽകേണ്ടിവരുന്ന കോടിക്കണക്കിന് രൂപയുടെ വിദേശനാണയം ഇന്ത്യയ്ക്ക് ലാഭിക്കാൻ സാധിക്കുകയും ചെയ്യും.

ഈ വൻകിട പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ അദാനി ഗ്രൂപ്പ് നിർണ്ണായകമായ പങ്കാണ് വഹിച്ചത്. ആഗോള നിലവാരത്തിലുള്ള ഓട്ടോമേറ്റഡ് ക്രെയിനുകൾ, അത്യാധുനിക സാങ്കേതികവിദ്യകൾ, വൻതോതിലുള്ള മൂലധന നിക്ഷേപം എന്നിവയിലൂടെ ലോകോത്തര നിലവാരത്തിലുള്ള തുറമുഖ അടിസ്ഥാനസൗകര്യങ്ങൾ ഇവിടെ സജ്ജമാക്കാൻ അവർക്ക് സാധിച്ചു. വിഴിഞ്ഞത്തിന്റെ വരവോടെ കേരളത്തിൽ പുതിയ വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക്സ് കോറിഡോറുകൾ, വലിയ തോതിലുള്ള തൊഴിലവസരങ്ങൾ എന്നിവ യാഥാർത്ഥ്യമാവുകയും സംസ്ഥാനത്തിന്റെ ജി.ഡി.പി. ഘടനയിൽ വിപ്ലവകരമായ മാറ്റം വരികയും ചെയ്യും.

ഒരു വൻകിട വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള സാമൂഹിക വെല്ലുവിളികളെ അതിജീവിക്കാൻ കഴിഞ്ഞത് ഭരണപരമായ ഏകോപന മികവുകൊണ്ടാണ്. ഡോ. ദിവ്യ എസ്. അയ്യരുടെ നേതൃത്വത്തിൽ നടന്ന ജനകീയ ആശയവിനിമയങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും പദ്ധതിക്ക് വലിയ ജനപിന്തുണ ഉറപ്പാക്കി. വികസനത്തിന്റെ ഗുണഫലങ്ങൾ താഴേത്തട്ടിൽ എത്തിക്കുന്നതിനൊപ്പം തീരദേശ സംരക്ഷണവും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിതസുരക്ഷയും ഉറപ്പാക്കിക്കൊണ്ടുള്ള സുതാര്യമായ നയമാണ് വിഴിഞ്ഞത്ത് നടപ്പിലായി വരുന്നത്.

വിഴിഞ്ഞം പദ്ധതിയുടെ ശക്തമായ അടിത്തറ പാകുന്നതിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വം ചരിത്രപരമായ പങ്കുവഹിച്ചു. തുടർന്ന് വന്ന വിവിധ ഭരണകൂടങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും ശക്തമായ പിന്തുണ പദ്ധതിയുടെ വേഗത കൂട്ടി. വികസന കാര്യങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ദീർഘവീക്ഷണത്തോടെ നിലപാടുകൾ സ്വീകരിക്കുന്ന വി. ഡി. സതീശനെപ്പോലുള്ള നേതൃത്വങ്ങൾ വിഴിഞ്ഞത്തെ ഒരു ആഗോള ലോജിസ്റ്റിക് ഹബ്ബാക്കി മാറ്റാൻ ആവശ്യമായ പിന്തുണയും ഭാവനയും നൽകുന്നുണ്ട്. കേരളത്തെ അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഹൃദയഭൂമിയാക്കി മാറ്റുന്ന വിഴിഞ്ഞം തുറമുഖം, വരുംതലമുറകളുടെ സാമ്പത്തിക സുരക്ഷിതത്വവും രാജ്യത്തിന്റെ സമുദ്രവ്യാപാര മേധാവിത്വവും ഉറപ്പുവരുത്തുന്നതിൽ ഏറ്റവും നിർണ്ണായകമായ നാഴികക്കല്ലാണ്. ●






# ദ വോയിസ് ഓഫ് മലയാളം 25–ാം വർഷത്തിലേക്ക്...

**കാ**ലത്തിനൊപ്പം മാധ്യമങ്ങളുടെ രൂപവും ഭാഷയും ശൈലികളും ഏറെ മാറിമറിഞ്ഞു. എങ്കിലും, മനുഷ്യരുടെ സ്വപ്നങ്ങൾക്ക് ഭാഷയായി നിലകൊള്ളുന്ന ചില ശബ്ദങ്ങൾ കാലത്തെ അതിജീവിച്ച് മുന്നോട്ട് പോവുകതന്നെ ചെയ്യും. അത്തരമൊരു പ്രയാണത്തിന്റെ അഭിമാന നിമിഷത്തിലൂടെയാണ് ഇന്ന് "ദി വോയിസ് ഓഫ് മലയാളം" കടന്നുപോകുന്നത്. ലോകമലയാളികളുടെ ഹൃദയമിടിപ്പുകൾക്ക് വാക്കുകളേകിയും, പ്രവാസജീവിതത്തിന്റെ അനുഭവങ്ങൾക്ക് ചരിത്രത്തിന്റെ മൂല്യം നൽകിയും ഞങ്ങൾ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് ആത്മവിശ്വാസത്തോടെ ചുവടുകൾവെക്കുകയാണ്.

ഒരു പ്രസിദ്ധീകരണത്തിന്റെ വാർഷികാഘോഷം എന്നതിലുപരി, അനവധി മനുഷ്യരുടെ സ്വപ്നങ്ങളും പ്രയത്നങ്ങളും വിയർപ്പും വിജയങ്ങളും പരാജയങ്ങളും ഒത്തുചേരുന്ന ഒരു കൂട്ടായ്മയുടെ ആഘോഷമാണ് ഈ നിമിഷം. ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ്, ദുബായിലെ മരുഭൂക്കാറ്റുകൾക്കിടയിൽ ഒരു ചെറിയ ആശയമായി ശ്രീ. ആർ. രാജൻ ഇടയാടി തുടക്കം കുറിച്ച ഈ മാധ്യമ സപര്യ, ഇന്ന് ലോകമലയാളികളുടെ ഹൃദയങ്ങളിൽ ഇടം നേടിയ വിശ്വസ്ത നാമമായി നിലകൊള്ളുന്നു.

ആദ്യകാലങ്ങളിൽ സംശയങ്ങൾ അനേകമായിരുന്നു. "മാധ്യമരംഗത്തെ വൻകിട മത്സരങ്ങൾക്കിടയിൽ ഇതിന് എത്ര നാൾ നിലനിൽക്കാനാകും?" "ഒരു മലയാള പ്രസിദ്ധീകരണത്തിന് രാജ്യാന്തരവേദിയിൽ എന്തെങ്കിലും ഭാവിയുണ്ടോ?" "ഇത്തരമൊരു സംരംഭത്തിന് ലോകോത്തര നിലവാരത്തിലേക്ക് വളരാൻ സാധിക്കുമോ?"

ഇത്തരം ചോദ്യങ്ങൾ പലപ്പോഴും ഞങ്ങളെ അലോസരപ്പെടുത്തിയിരുന്നു. പക്ഷേ, ആ സംശയങ്ങളേക്കാളെല്ലാം ശക്തമായിരുന്നു ഞങ്ങളുടെ ആത്മവിശ്വാസം. ആ വിശ്വാസത്തിന് കരുത്തുറ്റ അടിത്തറയേകിയത് ലോകമെമ്പാടുമുള്ള മലയാളികളാണ്. പ്രവാസജീവിതത്തിന്റെ കഠിന യാഥാർഥ്യങ്ങൾക്കിടയിലും സ്വന്തം ഭാഷയെയും സംസ്കാരത്തെയും ഹൃദയത്തോട് ചേർത്തുവെച്ച ലക്ഷക്കണക്കിന് മനുഷ്യരുടെ സ്നേഹവും പിന്തുണയും കരുതലുമാണ് ഞങ്ങളെ മുന്നോട്ട് നയിച്ചത്.

വാർത്തകൾ മാത്രം അച്ചടിക്കുന്ന ഒരു മാധ്യമവേദിയാകാൻ 'ദി വോയിസ് ഓഫ് മലയാളം' ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ആരും കേൾക്കാതെ പോയ, സാധാരണക്കാരായ അനവധി മനുഷ്യരുടെ ജീവിതകഥകളാണ് ഞങ്ങൾ ലോകമലയാളികൾക്ക് മുന്നിലെത്തിച്ചത്. സാമ്പത്തിക-സാമൂഹിക വ്യത്യാസങ്ങളില്ലാതെ, മനുഷ്യരുടെ ആത്മാർത്ഥമായ പരിശ്രമങ്ങൾക്ക് അർഹിക്കുന്ന ബഹുമാനം നൽകുകയെന്ന ദൗത്യമാണ് ഞങ്ങൾ എക്കാലവും ഏറ്റെടുത്തത്.

"അറിയപ്പെടുന്നവരുടെ ഇടയിൽ നിങ്ങളെയും നിങ്ങളുടെ പ്രസ്ഥാനങ്ങളെയും ഉൽപ്പന്നങ്ങളെയും അംഗീകരിപ്പിക്കുക; അറിയപ്പെടാത്തവരുടെ ഇടയിൽ നിങ്ങളെ അറിയപ്പെടുന്നവനാക്കുക, നിരാലംബരുടെ ദുഖങ്ങൾക്ക് എളിയ കൈത്താങ്ങാവുക" ഈ ദർശനമാണ് ഇന്നും ഞങ്ങളുടെ പ്രയാണത്തിന്റെ ദീപസ്തംഭം.


കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ഹൃദയമിടിപ്പാണ് പ്രവാസികൾ. അവരുടെ വിയർപ്പിൽ പണിതുയർന്ന നിർമിതികളും, അവരുടെ ത്യാഗങ്ങളിൽ വളർന്ന തലമുറകളും, അവരുടെ സ്വപ്നങ്ങളിൽ വിരിഞ്ഞ സംരംഭങ്ങളും, അവർ നാട്ടിലെത്തിക്കുന്ന വിദേശ നാണയവുമെല്ലാം കേരളത്തിന്റെ വളർച്ചയുടെ മുഖ്യഘടകങ്ങളാണ്. അതുകൊണ്ടുതന്നെ പ്രവാസികളുടെ അനുഭവങ്ങളും, വിജയരഹസ്യങ്ങളും, പരാജയങ്ങളിൽ നിന്നുള്ള പാഠങ്ങളും, മനോവേദനകളും നേട്ടങ്ങളുമെല്ലാം ലോകമലയാളികളുമായി പങ്കുവെക്കുകയെന്ന ഉത്തരവാദിത്വം ഞങ്ങൾ അഭിമാനത്തോടെയാണ് നിറവേറ്റുന്നത്.

കഴിഞ്ഞകാലങ്ങളിലെ ഞങ്ങളുടെ യാത്രകൾ ഒട്ടും സുഗമമായിരുന്നില്ല; കാറ്റും കോളും കല്ലും മുള്ളും നിറഞ്ഞ പാതകളിലൂടെയായിരുന്നു അത്. സാഹചര്യങ്ങളുടെ പരീക്ഷണങ്ങൾ, സാമ്പത്തിക വെല്ലുവിളികൾ, മാധ്യമരംഗത്തെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ, സാങ്കേതിക വിപ്ലവങ്ങൾ എന്നിവയെയെല്ലാം ഞങ്ങൾക്ക് നേരിടേണ്ടി വന്നു. എങ്കിലും ഞങ്ങൾ തളർന്നില്ല. കാരണം, ഓരോ പ്രതിസന്ധിയിലും ഞങ്ങൾക്ക് ധൈര്യവും കരുത്തും പകർന്ന് താങ്ങായി നിന്നൊരു വലിയ സമൂഹം ഒപ്പമുണ്ടായിരുന്നു. വായനക്കാർ, പ്രവാസി സമൂഹം, വ്യവസായികൾ, പരസ്യദാതാക്കൾ, സുഹൃത്തുക്കൾ, അഭ്യുദയകാംക്ഷികൾ, രാഷ്ട്രീയ നേതാക്കൾ എന്നിവരെല്ലാമാണ് ഞങ്ങളുടെ വിജയത്തിന്റെ യഥാർഥ അവകാശികൾ. ഇരുപത്തഞ്ച് വർഷത്തെ ഈ യാത്ര ഞങ്ങളെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം ഇതാണ്: "മനസ്സിൽ നന്മയുണ്ടെങ്കിൽ വഴിയിലെ പ്രതിബന്ധങ്ങളിൽ നിന്നും കൈപിടിച്ചുയർത്താൻ കുറെ നല്ല മനുഷ്യരും കൂടെയുണ്ടാകും."

പുതിയ കാലത്തിന്റെ സാങ്കേതിക മികവോടെ, മാധ്യമധർമ്മത്തിലൂന്നിയ അക്ഷരക്കൂട്ടുകളുമായി, അന്താരാഷ്ട്ര നിലവാരത്തിലുള്ള രൂപകല്പനയിലും സമൃദ്ധമായ ഉള്ളടക്കത്തോടെയുമാണ് 'ദി വോയിസ് ഓഫ് മലയാളം' ഇരുപത്തിയഞ്ചാം വർഷം ആഘോഷിക്കുന്നത്. ലോകമലയാളികളുടെ ചിന്തകൾക്കും സംരംഭങ്ങൾക്കും സാംസ്കാരിക മൂല്യങ്ങൾക്കും ഭാരതത്തനിന്റെ സമ്പൽ സമൃദ്ധിക്കും ഒരു ആഗോളവേദി ഒരുക്കാനുള്ള ഞങ്ങളുടെ പ്രതിജ്ഞാബദ്ധമായ യാത്രയാണിത്.

ഈ യാത്രയിൽ ഞങ്ങളെ ഹൃദയത്തോട് ചേർത്തുപിടിച്ച ഏവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. പ്രവാസജീവിതത്തിലെ നൊമ്പരങ്ങൾക്കും നേട്ടങ്ങൾക്കും അനീതികൾക്കെതിരെയും എന്നും ശബ്ദമായി മാറുവാൻ... മലയാളത്തിന്റെ ആത്മാവിനും ആഗോള സാധ്യതകൾക്കും ഇടയിലെ ഹൃദ്യമായ സഞ്ചാരപഥമായി മാറുവാൻ... 'ദി വോയിസ് ഓഫ് മലയാളം' അതിന്റെ മാധ്യമസപര്യ തുടരുകയാണ്.

സ്നേഹത്തോടെ,
ചീഫ് എഡിറ്റർ,
**ആർ. രാജൻ എടയാടി**




Chief Editor
**R. Rajan Edayadi**

CMD
**Pradeep Ramann**

Editor in Charge
**Fazil Ahammed**

Legal Advicer
**Adv. C.S. Navas**



THE VOICE OF MALAYALAM


Edayadiyil Guest House,
Cheravally (Via),
Kayamkulam P.O.,
Alappuzha (Dist.),
Kerala, South India - 690 502

**MOB: +917736444123, 7025025999, 9846755554,**
e-mail: info@thevoiceofmalayalam.com.
vmalayalam@gmail.com
E-Paper logon
www.thevoiceofmalayalam.com

| | | | |
|---|---|---|---|
| Genaral Manager | : **Joseph Tharakan** | **Prathap Murali** | : Channai |
| Manager | : **Raghunath Kurup** | **Abbas Ali** | : Coimbatore |
| Marketing Manager | : **Manoj Nair** | **Manoj Koyloth** | : Dubai |
| Asst. Marketing Manager | : **Renjitha Radhakrishnan** | **Binzy Kuruvella** | : UK |
| Associate Editor | : **Anita Jopaul** | **Thomas Kannoth** | : USA |
| Editor-in-Residence | : **Balagopala Achari** | **Muhammed Koya** | : Qatar |
| Consulting Editors | : **Tambi. S. Kurivila** | **Mariam George** | : Germany |
| Sub Editors | : **Ambika Sharma** | **George M Madathil** | : Bahrain |
| | **Dileep Nambuthiri** | **Joseph Odiyangal** | : Oman |
| | **Sabeena Fazil Manthavadi** | **Thomas Peter** | : Charity incharge |
| **Beuro Chief** | | **Shaji Paloly** | : Layout & Cover |
| **Manikandan** | : New Delhi | **Arun Paul** | : Photographer |
| **Sunil Vijayan** | : Mumbai | **Vinod Thirumala** | : Video Grapher |

Edited, Printed and Published by R.Rajan Edayadi, Edayadiyil Guest House, Cheravally (Via), Kayamkulam P.O., Alappuzha (Dist.), Kerala, South India - 690 502.
Printed at Sankarathil Offset Press, Nooranadu for Anatso Offset Printers. All rights reserved. Legal adviser Advocate R. Padmakumar. Legal jurisdiction Mavelikara Courts only.

NARENDRA MODI



> “ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ പ്രതിച്ഛായ ഉയർത്തിയും കാലത്തിന്റെ വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റിയും നരേന്ദ്ര മോദി ഭാരതത്തെ ഒരു ആഗോള മാർഗദർശക സ്ഥാനത്തേക്ക് നയിക്കുകയാണ്. വികസന ചരിത്രത്തിലെ സുപ്രധാനമായ ഒരു വഴിത്തിരിവായിരിക്കും ഈ കാലഘട്ടം. വരുംകാലത്ത് പിന്നോട്ടു നോക്കുമ്പോൾ മാത്രമേ ഈ മാറ്റങ്ങളുടെ മഹത്വം പൂർണ്ണമായി ബോധ്യപ്പെടുകയുള്ളൂ.
>
> 2014ന് ശേഷമുള്ള ഒരു ദശാബ്ദം ഇന്ത്യയെ സംബന്ധിച്ചിടത്തോളം കേവലം ഒരു രാഷ്ട്രീയ അധികാരമാറ്റത്തിന്റെ കാലമല്ല; മറിച്ച്, ദേശീയ ആത്മവിശ്വാസത്തിന്റെ പുനർജന്മം കൂടിയാണ്. വികസനവും ദർശനവും ആത്മബലവും ഒത്തുചേരുന്ന നവഭാരതത്തിന്റെ ഉദയമാണ് ഈ കവർ സ്റ്റോറി പരിശോധിക്കുന്നത്.

# ലോക രാഷട്രങ്ങൾക്കിടയിലെ ഭാരതത്തിന്റെ ശബ്ദം വിശ്വഗുരുവിലേക്കുള്ള നരേന്ദ്ര മോദിയുടെ ചുവടുവെയ്പ്പ്

■ അനിറ്റ ജോപ്പോൾ

ഒരു രാഷ്ട്രത്തിന്റെ ചരിത്രത്തിൽ പത്ത് വർഷം എന്നത് വളരെ ചെറിയൊരു കാലയളവാകാം. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ പത്ത് വർഷങ്ങൾ വിസ്മയകരമായ വളർച്ചയുടെ കാലഘട്ടമാണ്. ഭാരതത്തെ ഭാരതം കൈവരിച്ച ഈ കുതിപ്പിനെ ലോകം ഇന്ന് അത്ഭുതത്തോടെയാണ് നോക്കിക്കാണുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിലെ അഭൂതപൂർവമായ മുന്നേറ്റം, സാങ്കേതിക വിദ്യയിലെ വിപ്ലവകരമായ മാറ്റങ്ങൾ, പ്രതിരോധ മേഖലയിലെ കരുത്ത്, ആഗോളതലത്തിലെ സാമ്പത്തിക ആത്മവിശ്വാസം, സാമൂഹിക ഉന്നമനം തുടങ്ങി എല്ലാ പ്രധാന മേഖലകളിലും ഇന്ത്യ ഉന്നതമായ വളർച്ചാ നിരക്ക് രേഖപ്പെടുത്തി. മുന്നേറുകയാണ് ഇത്രയും കുറഞ്ഞ കാലയളവിൽ ഇത്രയേറെ പുരോഗതി പ്രാപിച്ച ഒരു രാജ്യം ലോകചരിത്രത്തിൽ തന്നെ വിരളമായിരിക്കും. അത്രത്തോളമുണ്ട് ഭാരതം കൈവരിച്ച വളർച്ചയുടെ വ്യാപ്തി.

ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തിയായി ഉയർന്നു വരുന്ന ഇന്ത്യയുടെ ഈ അതിവേഗ പുരോഗതിക്ക് പിന്നിലെ നേതൃപാടവം ആരുടേതെന്ന ചോദ്യത്തിന് ഒരൊറ്റ ഉത്തരമേയുള്ളൂ: ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി. അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും ദൃഢനിശ്ചയവും സമന്വയിച്ച പ്രവർത്തനശൈലി ഇന്ത്യയിൽ ഒരു പുതിയ യുഗത്തിന് തുടക്കമിട്ടു. ‘സാധ്യതകൾക്ക് അതിരുകളില്ല’ എന്ന സന്ദേശമാണ് ഇതിലൂടെ ലോക



**“ ഗുജറാത്തിലെ മെഹ്സാന ജില്ലയിലുള്ള വഡ്നഗറിലെ, ഒരു സാധാരണ കുടുംബത്തിൽ നിന്നാണ് നരേന്ദ്ര മോദിയുടെ കഥ ആരംഭിക്കുന്നത്. 1950 സെപ്റ്റംബർ 17 തീയതി ദാമോദർദാസ് മുൾചന്ദ് മോദിയുടെയും ഹീരാബെന്നിന്റെയും ആറു മക്കളിൽ മൂന്നാമനായിട്ടായിരുന്നു നരേന്ദ്ര ദാമോദർദാസ് മോദി എന്ന മോദിജി ജനിച്ചത്. പിതാവ് ദാമോദർദാസിന് റെയിൽവേ സ്റ്റേഷനിൽ ചായക്കച്ചവടമായിരുന്നു. കുടുംബത്തിന്റെ സാമ്പത്തിക പരാധീനതകൾ കാരണം കൊച്ചുമോദി പിതാവിനെ ചായക്കടയിൽ സഹായിച്ചുകൊണ്ടാണ് തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ബാല്യകാലം മുതൽക്കേ മോദിയുടെ ചിന്തകളും സ്വപ്നങ്ങളും സമപ്രായക്കാരിൽ നിന്ന് വ്യത്യസ്തമായിരുന്നു. നന്നെ ചെറുപ്രായത്തിൽ തന്നെ രാഷ്ട്രീയ സ്വയംസേവക് സംഘത്തിൽ (ആർ.എസ്.എസ്.) ചേർന്ന് പ്രവർത്തിച്ചിരുന്ന മോദിയിൽ സ്വാമി വിവേകാനന്ദന്റെ ദർശനങ്ങൾ അഗാധമായ സ്വാധീനം ചെലുത്തിരുന്നു. ഭാരതത്തെ ഒരു 'ജഗത് ഗുരു' (വിശ്വഗുരു) ആക്കുക എന്ന സ്വാമിജിയുടെ സ്വപ്നം മോദിക്ക് ഒരു പ്രചോദനമായിരുന്നു.**

ത്തിന് മുൻപിൽ ഭാരതം ഉയർത്തിയത്. 'ഭാവിക്കായി കാത്തുനിൽക്കുക' എന്ന പഴയ മനോഭാവത്തിൽ നിന്നും, 'ഭാവിയെ നാം തന്നെ നിർമ്മിക്കുക' എന്ന ഉന്നതമായ ആത്മവിശ്വാസത്തിലേക്ക് ഭാരതത്തെ പരിവർത്തനം ചെയ്ത ഒരു നേതാവിന്റെ വിജയഗാഥയാണിത്.

## വിനയത്തിൽ നിന്ന് വിജയത്തിലേക്ക്...

ഒരു മനുഷ്യന്റെ ആത്മവിശ്വാസത്തിന്റെയും അർപ്പണബോധത്തിന്റെയും ഉജ്ജ്വലമായ വിജയഗാഥയാണിത്. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച്, കഠിനാധ്വാനത്തിലൂടെ രാജ്യത്തിന്റെ പരമോന്നത പദവിയിലേക്ക് ഉയർന്നു വന്ന അത്ഭുതകരമായ കഥ.

ഗുജറാത്തിലെ മെഹ്സാന ജില്ലയിലുള്ള വഡ്നഗറിലെ, ഒരു സാധാരണ കുടുംബത്തിൽ നിന്നാണ് ഈ കഥ ആരംഭിക്കുന്നത്. 1950 സെപ്റ്റംബർ 17 തീയതി ദാമോദർദാസ് മുൾചന്ദ് മോദിയുടെയും ഹീരാബെന്നിന്റെയും ആറു മക്കളിൽ മൂന്നാമനായിട്ടായിരുന്നു നരേന്ദ്ര ദാമോദർദാസ് മോദി എന്ന മോദിജീ ജനിച്ചത്.

പിതാവ് ദാമോദർദാസിന് റെയിൽവേ സ്റ്റേഷനിൽ ചായക്കച്ചവടമായിരുന്നു. കുടുംബത്തിന്റെ സാമ്പത്തിക പരാധീനതകൾ കാരണം കൊച്ചുമോദി പിതാവിനെ ചായക്കടയിൽ സഹായിച്ചുകൊണ്ടാണ് തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

ബാല്യകാലം മുതൽക്കേ മോദിയുടെ ചിന്തകളും സ്വപ്നങ്ങളും സമപ്രായക്കാരിൽ നിന്ന് വ്യത്യസ്തമായിരുന്നു. നന്നെ ചെറുപ്രായത്തിൽ തന്നെ രാഷ്ട്രീയ സ്വയംസേവക് സംഘത്തിൽ (ആർ.എസ്.എസ്.) ചേർന്ന് പ്രവർത്തിച്ചിരുന്ന മോദിയിൽ സ്വാമി വിവേകാനന്ദന്റെ ദർശനങ്ങൾ അഗാധമായ സ്വാധീനം ചെലുത്തിരുന്നു. ഭാരതത്തെ ഒരു 'ജഗത് ഗുരു' (വിശ്വഗുരു) ആക്കുക എന്ന സ്വാമിജിയുടെ സ്വപ്നം മോദിക്ക് ഒരു പ്രചോദനമായിരുന്നു.

പതിനേഴാം വയസ്സിൽ ഭാരതത്തിലുടനീളം സഞ്ചരിക്കാനായി മോദി വീടുവിട്ടിറങ്ങി. ഏകദേശം രണ്ടു വർഷത്തോളം നീണ്ട ആ യാത്രയിലൂടെ രാജ്യത്തിന്റെ വൈവിധ്യമാർന്ന സംസ്കാരങ്ങളെ അദ്ദേഹം അടുത്തറിഞ്ഞു. തിരികെ എത്തിയപ്പോഴേക്കും ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു വ്യക്തിയായി മോദി മാറിയിരുന്നു. പിന്നീട് അഹമ്മദാബാദിലേക്ക് താമസം മാറിയ മോദി ആർ.എസ്.എസിന്റെ മുഴുവൻ സമയ പ്രവർത്തകനായി. പുലർച്ചെ 5 മണിക്ക് തുടങ്ങി രാത്രി വൈകും വരെ നീളുന്ന കഠിനമായ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം പ്രമുഖനായ ഒരു 'പ്രചാരകൻ' ആയി ഉയർന്നു.

1980കളിൽ തന്റെ സംഘടനാ പാടവത്തിലൂടെ മോദി ദേശീയ നേതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റി. 1985-ൽ ആർ.എസ്.എസിന്റെ നിർദ്ദേശപ്രകാരം ഭാരതീയ ജനതാ പാർട്ടിയിൽ (ബി.ജെ.പി.) ചേർന്നു. 1987-ൽ ബി.ജെ.പി.യുടെ ഗുജറാത്ത് ജനറൽ സെക്രട്ടറിയായി മോദിക്ക് സ്ഥാനക്കയറ്റം ലഭിച്ചു. ഇക്കാലത്ത് അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ പാർട്ടിയെ വിജയത്തിലേക്ക് നയിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.1990-ൽ മോദിയുടെ നേതൃത്വത്തിൽ ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. കരുത്തുറ്റ രണ്ടാം സ്ഥാനം നേടി. 1995 -ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. 121 സീറ്റുകൾ നേടാൻ മോദിയുടെ സംഘടനാപാടവം സഹായിച്ചു.

ഇതോടെ മോദി പാർട്ടിയുടെ ദേശീയ സെക്രട്ടറി പദവിയിലേക്ക് ഉയർത്തപ്പെ

Creating a
Culinary
Symphony
for You

SINCE
PARAGON
1939
The Taste Destination



Calicut
+91 495 4040000
Lulu Mall Kochi
+91 484 4011000
Trivandrum
+91 471 2555551
Banglore
+91 80 65476749



അമ്മയോടൊത്ത്

> 2001 ഒക്ടോബർ 7ന് കേശുഭായ് പട്ടേൽ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് നരേന്ദ്ര മോദി ഗുജറാത്തിന്റെ കാവൽ മുഖ്യമന്ത്രിയായി സ്ഥാനമേറ്റു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ഗുജറാത്തിന്റെ വികസനം മുൻനിർത്തിയുള്ള പദ്ധതികൾ കാരണം 'വികസന നായകൻ' എന്ന പ്രതിച്ഛായയോടെ മോദി വൻ വിജയം നേടുകയും മുഖ്യമന്ത്രിയായി തുടരുകയും ചെയ്തു. 2007ൽ മോദിയുടെ നേതൃത്വത്തിൽ 117 സീറ്റുകൾ നേടി സർക്കാർ വീണ്ടും അധികാരത്തിൽ വന്നു; ഇതോടെ മോദി മൂന്നാം തവണയും മുഖ്യമന്ത്രിയായി.



2003ൽ ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ മോദി ഗാന്ധിനഗറിലെ തന്റെ ഔദ്യോഗിക വസതിയിൽ കുടുംബത്തിന് ആതിഥേയത്വം വഹിച്ചപ്പോൾ.

ട്ടു. ഹരിയാന, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ ചുമതലകൂടി വഹിക്കേണ്ടി വന്ന മോദി 1998-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിയുടെ വിജയം ഉറപ്പാക്കുന്നതിൽ ജനറൽ സെക്രട്ടറി എന്ന നിലയിൽ നിർണായക പങ്ക് വഹിച്ചു.



അച്ഛൻ ദാമോദർദാസ് മുൾചന്ദ് മോദിക്കൊപ്പം

1995ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഗുജറാത്തിൽ ബി.ജെ.പി.ക്ക് 121 സീറ്റുകൾ നേടിക്കൊടുക്കുന്നതിൽ മോദിയുടെ സംഘടനാ വൈദഗ്ദ്ധ്യം വലിയ പങ്ക് വഹിച്ചു. ഇതോടെ മോദി പാർട്ടിയുടെ ദേശീയ സെക്രട്ടറി പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഹരിയാന, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ ചുമതല വഹിച്ച മോദി, 1998ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിയുടെ വിജയം ഉറപ്പാക്കുന്നതിൽ ജനറൽ സെക്രട്ടറി എന്ന നിലയിൽ നിർണായക പങ്ക് വഹിച്ചു.ഇത് അദ്ദേഹത്തിന്റെ സംഘടനാപരമായ വൈദഗ്ദ്ധ്യം പരക്കെ അംഗീകരിക്കപ്പെടുന്നതിന് കാരണമായി. 1990ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. കരുത്തുറ്റ രണ്ടാം സ്ഥാനം നേടി. 1995ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. 121 സീറ്റുകൾ നേടാൻ അദ്ദേഹത്തിന്റെ സംഘടനാപാടവം സഹായിച്ചു. ഇതോടെ മോദി ബി.ജെ.പി.യുടെ ദേശീയ സെക്രട്ടറി പദവിയിലെത്തി.

ഹരിയാനയിലും ഹിമാചൽ പ്രദേശിലും പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച അദ്ദേഹം, 1998ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.യുടെ വിജയം ഉറപ്പാക്കുന്നതിൽ ജനറൽ സെക്രട്ടറി എന്ന നിലയിൽ നിർണായക പങ്ക് വഹിച്ചു.

## ഗുജറാത്ത് മുഖ്യമന്ത്രിപദത്തിൽ നിന്നും പ്രധാനമന്ത്രി പദത്തിലേക്ക്

2001 ഒക്ടോബർ 7ന് കേശുഭായ് പട്ടേൽ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് നരേന്ദ്ര മോദി ഗുജറാത്തിന്റെ കാവൽ മുഖ്യമന്ത്രിയായി സ്ഥാനമേറ്റു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ഗുജറാത്തിന്റെ വികസനം മുൻനിർത്തിയുള്ള പദ്ധതികൾ കാരണം 'വികസന നായകൻ' എന്ന പ്രതിച്ഛായയോടെ മോദി വൻ വിജയം നേടുകയും മുഖ്യമന്ത്രിയായി തുടരുകയും ചെയ്തു. 2007ൽ മോദിയുടെ നേതൃത്വത്തിൽ 117 സീറ്റുകൾ നേടി സർക്കാർ വീണ്ടും അധികാരത്തിൽ വന്നു; ഇതോടെ മോദി മൂന്നാം തവണയും മുഖ്യമന്ത്രിയായി.

2012ലെ തിരഞ്ഞെടുപ്പിൽ ആകെയുള്ള 182 സീറ്റുകളിൽ 115 സീറ്റുകൾ നേടി നരേന്ദ്ര മോദി നാലാം തവണയും ഗുജറാത്ത് മുഖ്യമന്ത്രിയായി. ഈ തിരഞ്ഞെടുപ്പിൽ ഹോളോഗ്രാമുകളും നൂതന സാങ്കേതിക വിദ്യകളും ഉപയോഗിച്ചുള്ള മോദിയുടെ പ്രചാരണ രീതി ലോകശ്രദ്ധ പിടിച്ചുപറ്റി. മണിനഗറിൽ എതിർ സ്ഥാനാർത്ഥി ശ്വേതാ സഞ്ജീവ് ഭട്ടിനെ 86,373 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് അദ്ദേഹം വീണ്ടും മുഖ്യമന്ത്രിപദത്തിലെത്തിയത്.

2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ.) മോദിയെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടിയാണ് പ്രചാരണം നടത്തിയത്. തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിലെ വാരാണസിയിൽ നിന്നും ഗുജറാത്തിലെ വഡോദരയിൽ നിന്നും അദ്ദേഹം പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

2014 മെയ് 21ന് മോദി മുഖ്യമന്ത്രി സ്ഥാനവും മണിനഗറിൽ നിന്നുള്ള എം.എൽ.എ. സ്ഥാനവും രാജിവെച്ചു. എൻ.ഡി.എ. സഖ്യകക്ഷികൾ നരേന്ദ്ര മോദിയെ ലോക്സഭാ കക്ഷി നേതാവായി തിരഞ്ഞെടുക്കുകയും പ്രധാനമന്ത്രി പദത്തിന് അവകാശവാദം ഉന്നയിക്കുകയും ചെയ്തു. ഈ അവകാശവാദം അംഗീകരിച്ച രാഷ്ട്രപതി പ്രണബ് മുഖർജി, മോദിയെ ഇന്ത്യയുടെ പതിനഞ്ചാമത് പ്രധാനമന്ത്രിയായാകുവാൻ ക്ഷണിച്ചു.

## ലോകത്തിന്റെ നെറുകയിലേക്ക് നരേന്ദ്ര മോദിയുടെ ഭരണത്തിൻ കിഴിലെ ഇന്ത്യ

2014- മെയ് 26 ന് ഭാരതത്തിന്റെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റു. ഇതേ തുടർന്ന് പതിറ്റാണ്ടുകളോളം ആഗോള വേദികളിൽ ഒരു 'കാഴ്ചക്കാരൻ' എന്ന നിലയിൽ മാത്രം ഒതുങ്ങിയിരുന്ന ഇന്ത്യ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നിർണ്ണായകമായ ഒരു 'നേതാവിന്റെ' റോളിലേക്ക് ഉയർന്നു. ശക്തമായ വിദേശനയത്തിലൂടെയും ലോകനേതാക്കളുമായുള്ള വ്യക്തിബന്ധങ്ങളിലൂടെയും ഇന്ത്യയുടെ പ്രാധാന്യം ആഗോളതലത്തിൽ വ്യക്തമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 2014ലെ തന്റെ പ്രഥമ ഊഴത്തിൽ സാർക്ക് (SAARC) രാഷ്ട്രത്തലവന്മാരെ ക്ഷണിച്ച് അവരുടെ സാന്നിധ്യത്തിൽ പ്രധാനമന്ത്രി പദം ഏറ്റെടുത്ത നരേന്ദ്ര മോദി, രണ്ടാം ഊഴത്തിലാകട്ടെ (2019) ബിംസ്റ്റെക് (BIMSTEC) രാഷ്ട്രത്തലവന്മാരെയാണ് തന്റെ സ്ഥാനാരോഹണ ചടങ്ങിന് സാക്ഷികളാക്കിയത്. ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ, ബ്രിക്സ് (BRICS), സാർക്ക്, ജി20 (G20) ഉച്ചകോടികൾ തുടങ്ങിയവയിൽ അദ്ദേഹം സജീവമായി പങ്കെടുത്തതും ആഗോള സാമ്പത്തികരാഷ്ട്രീയ വിഷയങ്ങളിൽ ഇന്ത്യയുടെ വീക്ഷണങ്ങൾ അവതരിപ്പിച്ചതും ലോകവ്യാപകമായ ശ്രദ്ധ നേടി.

ഉഭയകക്ഷി ചർച്ചകൾക്കായി 17 വർഷങ്ങൾക്കു ശേഷം നേപ്പാളിലും (2014), 28 വർഷങ്ങൾക്കു ശേഷം ഓസ്ട്രേലിയയിലും (2014), 31 വർഷങ്ങൾക്കു ശേഷം ഫിജിയിലും (2014), 34 വർഷങ്ങൾക്കു ശേഷം യു.എ.ഇ.യിലും (2015), സീഷെൽസിലും (2015) സന്ദർശനം നടത്തുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി എന്ന ഖ്യാതിയും മോദിക്ക് സ്വന്തം. മാത്രമല്ല, യു.എസ്. കോൺഗ്രസിന്റെ സംയുക്ത സമ്മേളനത്തെ രണ്ടു തവണ (2016ലും 2023ലും) അഭിസംബോധന ചെയ്തത് അന്താരാഷ്ട്രതലത്തിൽ ഇന്ത്യയുടെ വർധിച്ചുവരുന്ന സ്വാധീനത്തിന്റെ വലിയ തെളിവാണ്. 2015 സെപ്റ്റംബറിൽ പോപ്പ് ഫ്രാൻസിസും ഏപ്രിലിൽ ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബേയും മാത്രമാണ് സമാ



നമായി ക്ഷണിക്കപ്പെട്ടത്; എന്നാൽ രണ്ടു തവണ ഈ ബഹുമതി നേടിയ ഏക ഇന്ത്യൻ പ്രധാനമന്ത്രി മോദിയാണ്. ഇന്ന് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ അഭിപ്രായങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. മോണിംഗ് കൺസൾട്ട് പൊളിറ്റിക്കൽ ഇന്റലിജൻസ് പ്രസിദ്ധീകരിക്കുന്ന ലോക നേതാക്കളുടെ അപ്രൂവൽ റേറ്റിംഗിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒന്നാം സ്ഥാനത്ത് തുടരുന്നതും ഇതിന്റെ തെളിവാണ്.

## 2014-ൽ ഭാരതത്തിന്റെ പ്രധാനമന്ത്രിയായി നരേന്ദ്രമോദി അധികാരം ഏറ്റെടുത്തതിനു ശേഷം

നരേന്ദ്ര മോദി അധികാരമേറ്റ 2014 മുതൽ ഇന്ത്യയുടെ സാമൂഹികസാമ്പത്തിക ഘടനയെ പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നിരവധി വിപ്ലവകരമായ പദ്ധതികൾക്ക് മോദി തുടക്കം കുറിച്ചു. സാധാരണ പൗരന്മാർക്ക് മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കുന്നതിനും ഇന്ത്യയെ ആഗോള ശക്തിയായി മാറ്റുന്നതിനും ഈ പദ്ധതികൾക്ക് കഴിഞ്ഞു.

## സാമ്പത്തിക ശാക്തീകരണവും സാമൂഹിക സുരക്ഷയും

പാവപ്പെട്ടവർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനായി 'പ്രധാനമന്ത്രി ജൻ ധൻ യോജന' വഴി എല്ലാവർക്കും ബാങ്ക് അക്കൗണ്ടുകൾ ലഭ്യമാക്കി. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ 'ആയുഷ്മാൻ ഭാരത്' വഴി 5 ലക്ഷം രൂപയുടെ ചികിത്സാ സഹായവും, 'പി.എം. കിസാൻ' വഴി കർഷകർക്ക് ധനസഹായവും ഉറപ്പാക്കി. 'മുദ്ര യോജന' വഴി ചെറുകിട സംരംഭകർക്ക് വായ്പ നൽകി സ്വയംതൊഴിൽ മേഖലയെ പ്രോത്സാഹിപ്പിച്ചു.

## ശുചിത്വവും അടിസ്ഥാന സൗകര്യ വികസനവും

'സ്വച്ഛ് ഭാരത് മിഷനി'ലൂടെ കോടിക്കണക്കിന് ശൗചാലയങ്ങൾ നിർമ്മിച്ച് രാജ്യം ശുചിത്വത്തിലേക്ക് നീങ്ങി. 'പ്രധാനമന്ത്രി ആവാസ് യോജന' വഴി ദശലക്ഷക്കണക്കിന് ആളുകൾക്ക് വീട് ലഭിച്ചു. 'ഉജ്ജ്വല യോജന'യിലൂടെ സ്ത്രീകൾക്ക് സൗജന്യ ഗ്യാസ് കണക്ഷൻ നൽകി അടുക്കളകളിലെ പുക ഒഴിവാക്കി.

## ഡിജിറ്റൽ പരിവർത്തനവും സാങ്കേതിക മുന്നേറ്റവും

'ഡിജിറ്റൽ ഇന്ത്യ'യിലൂടെ ഇന്ത്യയെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റി. യു.പി.ഐ (UPI) പോലുള്ള സാങ്കേതിക വിദ്യകൾ ഇന്ന് ആഗോള മാതൃകയാണ്. 'സ്റ്റാർട്ട് അപ്പ് ഇന്ത്യ', 'സ്കിൽ ഇന്ത്യ' എന്നിവയിലൂടെ യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങളും പരിശീലനവും ഉറപ്പാക്കി.

## നികുതി പരിഷ്കരണവും ആത്മനിർഭർ ഭാരതും

'ജി.എസ്.ടി' (GST) നടപ്പിലാക്കിയതിലൂടെ 'ഒറ്റ രാജ്യം ഒറ്റ നികുതി' എന്ന ലക്ഷ്യം സാധ്യമായി. കള്ളപ്പണത്തിനെതിരെ 'നോട്ട് നിരോധനം' പോലുള്ള കടുത്ത നടപടികൾ സ്വീകരിച്ചു. 'മേക്ക് ഇൻ ഇന്ത്യ'യിലൂടെ ഇന്ത്യയെ ആഗോള നിർമ്മാണ കേന്ദ്രമാക്കാനും പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനും ശ്രമങ്ങൾ നടന്നു.

ഇതോടൊപ്പം യോഗയുടെ പ്രാധാന്യം ലോകമെമ്പാടുമെത്തിക്കാൻ അദ്ദേഹം നടത്തിയ ശ്രമഫലമായി 2014 ഡിസംബറിൽ 177 രാജ്യങ്ങളുടെ പിന്തുണയോടെ ഐക്യരാഷ്ട്രസഭ ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിച്ചു. 'മിനിമം ഗവൺമെന്റ്, മാക്സിമം ഗവേണൻസ്' എന്ന കാഴ്ചപ്പാടിൽ 200ലധികം ജനക്ഷേമ പദ്ധതികളിലൂടെ ഇന്ത്യയുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ മോദി സർക്കാരിന് സാധിച്ചു.



> **പതിറ്റാണ്ടുകളോളം ആഗോള വേദികളിൽ ഒരു 'കാഴ്ചക്കാരൻ' എന്ന നിലയിൽ മാത്രം ഒതുങ്ങിയിരുന്ന ഇന്ത്യ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നിർണ്ണായകമായ ഒരു 'നേതാവിന്റെ' റോളിലേക്ക് ഉയർന്നു. ശക്തമായ വിദേശനയത്തിലൂടെയും ലോകനേതാക്കളുമായുള്ള വ്യക്തിബന്ധങ്ങളിലൂടെയും ഇന്ത്യയുടെ പ്രാധാന്യം ആഗോളതലത്തിൽ വ്യക്തമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 2014ലെ തന്റെ പ്രഥമ ഊഴത്തിൽ സാർക്ക് (SAARC) രാഷ്ട്രത്തലവന്മാരെ ക്ഷണിച്ച് അവരുടെ സാന്നിധ്യത്തിൽ പ്രധാനമന്ത്രി പദം ഏറ്റെടുത്ത നരേന്ദ്ര മോദി, രണ്ടാം ഊഴത്തിലാകട്ടെ (2019) ബിംസ്റ്റെക് (BIMSTEC) രാഷ്ട്രത്തലവന്മാരെയാണ് തന്റെ സ്ഥാനാരോഹണ ചടങ്ങിന് സാക്ഷികളാക്കിയത്. ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ, ബ്രിക്സ് (BRICS), സാർക്ക്, ജി20 (G20) ഉച്ചകോടികൾ തുടങ്ങിയവയിൽ അദ്ദേഹം സജീവമായി പങ്കെടുത്തതും ആഗോള സാമ്പത്തികരാഷ്ട്രീയ വിഷയങ്ങളിൽ ഇന്ത്യയുടെ വീക്ഷണങ്ങൾ അവതരിപ്പിച്ചതും ലോകവ്യാപകമായ ശ്രദ്ധ നേടി.**

## മോദിയുടെ വിദേശ സന്ദർശനങ്ങൾ: ഒരു അവലോകനം

2014ൽ പ്രധാനമന്ത്രിയായി ചുമതലയേറ്റ ശേഷം, 2026 മെയ് വരെ ആറ് ഭൂഖണ്ഡങ്ങളിലെ 80 രാജ്യങ്ങളിലായി 100ഓളം അന്താരാഷ്ട്ര യാത്രകൾ നരേന്ദ്ര മോദി നടത്തിയിട്ടുണ്ട്. ഭാരതത്തിന്റെ ദേശീയ വികസന അജണ്ടയ്ക്കും ജനക്ഷേമത്തിനും ഈ യാത്രകൾ വലിയ പ്രയോജനം ചെയ്തു. ആഗോള വേദിയിൽ ഇന്ത്യ കൈവരിച്ച മുന്നേറ്റവും വർദ്ധിച്ചുവരുന്ന സാന്നിധ്യവും ഇന്ന് ലോകരാഷ്ട്രങ്ങൾക്ക് അവഗണിക്കാനാവില്ല. മോദിയുടെ തന്ത്രപരമായ വിദേശനയങ്ങളാണ് ഇന്ത്യയെ ഒരു പ്രധാന ആഗോള ശക്തിയായി ഉയർത്തുന്നതിന് അടിത്തറ പാകിയത്. പുതിയ സർക്കാർ അധികാരമേറ്റ ഉടൻതന്നെ പ്രധാനമന്ത്രി മോദി തന്റെ ആദ്യ വിദേശ സന്ദർശനത്തിനായി തിരഞ്ഞെടുത്തത് അയൽരാജ്യമായ ഭൂട്ടാനെയായിരുന്നു. ചൈനയുടെ വർദ്ധിച്ചുവരുന്ന സ്വാധീനം ഇന്ത്യൻ സുരക്ഷയ്ക്ക് വെല്ലുവിളിയാകുന്ന സാഹചര്യത്തിൽ, അയൽപക്ക ബന്ധങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഈ സന്ദർശനം ഇന്ത്യയുടെ 'Neighbor-hood First' (അയൽപക്കത്തിന് പ്രഥമപരിഗണന) നയത്തിന്റെ ശക്തമായ പ്രഖ്യാപനമായിരുന്നു. ഇത് ഇന്ത്യയുടെ സുരക്ഷാ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. പ്രധാനമന്ത്രി നടത്തിയ ഓരോ വിദേശയാത്രയ്ക്കും വ്യക്തമായ നയതന്ത്ര ലക്ഷ്യങ്ങളുണ്ടായിരുന്നു. പരമ്പരാഗത സൗഹൃദരാജ്യങ്ങളുമായുള്ള ബന്ധം ദൃഢമാക്കുന്നതിനൊപ്പം പുതിയ രാജ്യങ്ങളുമായി തന്ത്രപരമായ പങ്കാളിത്തം സ്ഥാപിക്കാനും ഈ യാത്രകൾ സഹായിച്ചു. ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിൽ പോലുള്ള ആഗോള വേദികളിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തിനുള്ള പിന്തുണ വർദ്ധിപ്പിക്കുക എന്നതായിരുന്നു മറ്റൊരു പ്രധാന ലക്ഷ്യം.

സാമ്പത്തിക രംഗത്ത് വിദേശ നിക്ഷേപം (FDI) ആകർഷിക്കാനും വ്യാപാര ബന്ധങ്ങൾ വികസിപ്പിക്കാനും 'Make in India' പോലുള്ള പദ്ധതികൾക്ക് അന്താരാഷ്ട്ര പിന്തുണ നേടാനും ഈ സന്ദർശനങ്ങൾ വഴി സാധിച്ചു. ഇതിനുപുറമെ, ലോകമെമ്പാടുമുള്ള ഇന്ത്യൻ പ്രവാസികളുമായി അടുത്ത ബന്ധം സ്ഥാപിക്കാനും അവരുടെ പിന്തുണ രാജ്യത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താനും പ്രധാനമന്ത്രി പ്രത്യേക ശ്രദ്ധ നൽകി. ഭീകരവാദത്തിനെതിരെയും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും പ്രതിരോധ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും ഈ യാത്രകൾ വഴിത്തിരിവായി. ജി20 രാജ്യങ്ങളുടെ അധ്യക്ഷസ്ഥാനം ഏറ്റെടുത്ത് ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിലൂടെ ഇന്ത്യയുടെ ആഗോള നേതൃപാടവം ലോകത്തിന് മുന്നിൽ തെളിയിക്കപ്പെട്ടു. ആഫ്രിക്കൻ യൂണിയനെ ജി20ൽ ഉൾപ്പെടുത്തിയത് ഇന്ത്യയുടെ നയതന്ത്ര വിജയമായി വിലയിരുത്തപ്പെടുന്നു.

വിദേശ രാജ്യങ്ങളുമായും അന്താരാഷ്ട്ര കോർപ്പറേഷനുകളുമായും ഒപ്പുവെച്ച നിരവധി കരാറുകൾ വഴി ഇന്ത്യയിലേക്ക് വൻതോതിൽ വിദേശ നിക്ഷേപം ഒഴുകിയെത്തി. ഇത് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമായി. കാലാവസ്ഥാ വ്യതിയാനം, ആഗോള ഭീകരവാദം തുടങ്ങിയ വിഷയങ്ങളിൽ അന്താരാഷ്ട്ര തലത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിന് ഇന്ത്യ മുൻകൈ എടുത്തു. 'ഇന്റർനാഷണൽ സോളാർ അലയൻസ്' പോലുള്ള സംരംഭങ്ങൾ ഇന്ത്യയുടെ ഈ വിശാലമായ കാഴ്ചപ്പാടിന് ഉദാഹരണമാണ്. ചുരുക്കത്തിൽ, പ്രധാനമന്ത്രി മോദിയുടെ വിദേശ യാത്രകൾ കേവലം സന്ദർശനങ്ങൾ എന്നതിലുപരി, ഇന്ത്യയുടെ ദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും ആഗോള തലത്തിൽ രാജ്യത്തിന്റെ സ്ഥാനം ഉറപ്പിക്കാനുമുള്ള സജീവമായ നയതന്ത്ര ഉപാധിയാണ്. ഇന്ന് ലോകം ഇന്ത്യയെ ശ്രദ്ധിക്കുകയും ഇന്ത്യയുടെ നിലപാടുകൾക്ക് ചെവികൊടുക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, അതിന്റെ ക്രെഡിറ്റ് ഈ നിരന്തരമായ ആഗോള ഇടപെടലുകൾക്ക് അവ



കാശപ്പെട്ടതാണ്.

## വിശ്വഗുരു: നവഭാരതത്തിന്റെ നൈതികവും ബൗദ്ധികവുമായ മുന്നേറ്റം


നരേന്ദ്ര മോദി വിഭാവനം ചെയ്യുന്ന 'വിശ്വഗുരു' എന്ന സങ്കല്പം ലോകത്തിന് വഴികാട്ടിയാകാനുള്ള ഭാരതത്തിന്റെ നൈതികവും ബൗദ്ധികവുമായ ഉത്തരവാദിത്വമാണ്. പുരാതന ഭാരതം വിദ്യാഭ്യാസം, ദർശനം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ ലോകത്തിന് ദിശ കാണിച്ചുതന്ന ആ സുവർണ്ണകാലത്തെ ഇത് ഓർമ്മിപ്പിക്കുന്നു. നാളിതുവരെ ചരിത്രഗ്രന്ഥങ്ങളിൽ മാത്രം ഒതുങ്ങിനിന്ന ആ പാരമ്പര്യം, ഇന്ന് മോദിയുടെ നേതൃത്വത്തിൽ ആധുനിക ലോകത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി പുനർജനിക്കുകയാണ്. ഭാരതത്തെ വിശ്വഗുരു എന്ന് വിശേഷിപ്പിക്കുന്നത് കേവലം രാഷ്ട്രീയമായ ഒരു അഭിമാനപ്രകടനം മാത്രമല്ല; മറിച്ച് ആയിരക്കണക്കിന് വർഷം പഴക്കമുള്ള ഒരു സംസ്കൃതിയുടെ ഉത്തരവാദിത്വത്തെ വീണ്ടെടുക്കലാണ്. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത രൂപങ്ങളിലാണ് ഭാരതത്തിന്റെ ഈ ആത്മീയബൗദ്ധിക കരുത്ത് വെളിപ്പെട്ടത്.


പത്തൊമ്പതാം നൂറ്റാണ്ടിൽ, സ്വാമി വിവേകാനന്ദൻ ആത്മീയ ബോധത്തിന്റെയും സർവ്വമത സാഹോദര്യത്തിന്റെയും ഭാഷയിലാണ് ഭാരതത്തെ ലോകത്തിന് പരിചയപ്പെടുത്തിയത്. 'മനുഷ്യനിലെ ദൈവത്തെ ഉണർത്തുക' എന്ന സ്വാമി വിവേകാനന്ദന്റെ ആഹ്വാനം ഭാരതത്തിന്റെ ബൗദ്ധികാഴം പടിഞ്ഞാറൻ ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുത്തു. ഇരുപതാം നൂറ്റാണ്ടിൽ, മഹാത്മാ ഗാന്ധി അഹിംസയിലൂടെയും സത്യാഗ്രഹത്തിലൂടെയും നൈതികമായ കരുത്താണ് ഭാരതത്തിന് നൽകിയത്. കേവലമായ അധികാരശക്തിയേക്കാൾ വലിയതാണ് ധാർമ്മിക ശക്തിയെന്ന് ലോകത്തിന് തെളിയിച്ചു കൊടുത്തതിലൂടെ ഗാന്ധിജി ഭാരതത്തെ ലോകത്തിന്റെ 'ധാർമ്മിക മനസ്സാക്ഷി'യായി മാറ്റി. ഈ മഹത്തായ പാരമ്പര്യങ്ങളുടെ തുടർച്ചയാണ് ഇന്നത്തെ ഭാരതം ഉയർത്തിപ്പിടിക്കുന്നത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, നരേന്ദ്ര മോദി ഈ സിവിലൈസേഷണൽ പാരമ്പര്യത്തെ ആധുനിക ഭരണനിർവ്വഹണവുമായി സമന്വയിപ്പിക്കുന്നു. കേവലമായ ദർശനങ്ങളിൽ നിന്ന് പ്രായോഗികമായ നടപ്പിലാക്കലുകളിലേക്കുള്ള മാറ്റമാണ് ഇന്നത്തെ വിശ്വഗുരു സങ്കല്പത്തിന്റെ സവിശേഷത. യോഗ, ആയുർവേദം, പരിസ്ഥിതി സംരക്ഷണം, ഡിജിറ്റൽ പൊതുസൗകര്യങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന മാതൃകകൾ എന്നിവയിലൂടെ ഭാരതം ഇന്ന് ലോകത്തിന് പുതിയ പാഠങ്ങൾ നൽകുന്നു. 'ലോകം ഒരു കുടുംബം' എന്ന ഭാരതീയ പ്രമാണം (വസുധൈവ കുടുംബകം) ജി20 അധ്യക്ഷവേദിയിൽ പ്രധാന പ്രമേയമായപ്പോൾ അത് ആഗോളതലത്തിൽ ഭാരതത്തിന്റെ സാംസ്കാരിക സ്വാധീനം ഉറപ്പിച്ചു.


കോവിഡ് കാലത്തെ 'വാക്സിൻ മൈത്രി', കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള 'ഇന്റർനാഷണൽ സോളാർ അലയൻസ്', യുദ്ധസാഹചര്യങ്ങളിൽ 'ഇത് യുദ്ധത്തിന്റെ കാലമല്ല' എന്ന സമാധാനപരമായ നിലപാട്, ഇവയെല്ലാം ഭാരതം അധികാരത്തിന്റെ ഭാഷയിലല്ല, മറിച്ച് ആഗോള ഉത്തരവാദിത്വത്തിന്റെ ഭാഷയിലാണ് സംസാരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. വിശ്വഗുരു എന്നത് ലോകത്തെ ഭരിക്കാനുള്ള പദവിയല്ല, മറിച്ച് ലോകത്തെ നയിക്കാനുള്ള പ്രാപ്തിയാണ്. പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും, സംഘർഷങ്ങൾക്ക് പകരം സംവാദം പ്രോത്സാഹിപ്പിക്കാനും ഭാരതത്തിന് സാധിക്കുന്നു. സ്വാമി വിവേകാനന്ദന്റെ സ്വപ്നങ്ങളും ഗാന്ധിജിയുടെ മൂല്യങ്ങളും നരേന്ദ്ര മോദിയുടെ ഭരണനൈപുണ്യവും ഒരേ ബിന്ദുവിൽ സംഗമിക്കുമ്പോൾ ഭാരതം ലോകത്തിന് മുന്നിൽ വീണ്ടും ഒരു മാതൃകയായി മാറുകയാണ്.

ചരിത്രം ഈ കാലഘട്ടത്തെ അടയാളപ്പെടുത്തുമ്പോൾ, നരേന്ദ്ര മോദി കേവലം ഒരു ഭരണാധികാരി എന്നതിലുപരി, വിശ്വഗുരു എന്ന ഭാരതീയ സങ്കല്പത്തെ ആധുനിക ലോകക്രമത്തിൽ പുനഃസ്ഥാപിച്ച നേതാവായി ഓർമ്മിക്കപ്പെടും. ●





> **യോഗ, ആയുർവേദം, പരിസ്ഥിതി സംരക്ഷണം, ഡിജിറ്റൽ പൊതു സൗകര്യങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന മാതൃകകൾ എന്നിവയിലൂടെ ഭാരതം ഇന്ന് ലോകത്തിന് പുതിയ പാഠങ്ങൾ നൽകുന്നു. 'ലോകം ഒരു കുടുംബം' എന്ന ഭാരതീയ പ്രമാണം (വസുധൈവ കുടുംബകം) ജി20 അധ്യക്ഷവേദിയിൽ പ്രധാന പ്രമേയമായപ്പോൾ അത് ആഗോളതലത്തിൽ ഭാരതത്തിന്റെ സാംസ്കാരിക സ്വാധീനം ഉറപ്പിച്ചു. നരേന്ദ്ര മോദി മുന്നോട്ടു വയ്ക്കുന്ന വിശ്വഗുരു സങ്കല്പം ലോകത്തെ ഭരിക്കാനുള്ള പദവിയല്ല, മറിച്ച് ലോകത്തെ നയിക്കാനുള്ള പ്രാപ്തിയാണ്. സ്വാമി വിവേകാനന്ദന്റെ സ്വപ്നങ്ങളും ഗാന്ധിജിയുടെ മൂല്യങ്ങളും നരേന്ദ്ര മോദിയുടെ ഭരണ നൈപുണ്യവും ഒരേ ബിന്ദുവിൽ സംഗമിക്കുമ്പോൾ ഭാരതം ലോകത്തിന് മുന്നിൽ വീണ്ടും ഒരു മാതൃകയായി മാറുകയാണ്. ഭാരതം വിശ്വഗുരു സങ്കല്പത്തിലേക്ക് അടുക്കുകയാണ്.**

Found an ad in the paper or online?
We can book it for you!
Call one of our travel specialists today on 3289 3700!
maverick travel
SAMFORD Mt Glorious Rd | Ph 3289 3700
www.mavericktravel.com.au
Like us on Facebook
Maverick Travel Australia
*Contact us for full details, terms & conditions apply

# SUCCESS WOMEN



# കമലാ ദേവി ഹാരീസ്: അമേരിക്കൻ രാഷ്ട്രീയത്തിലെ ഇന്ത്യൻ കരുത്ത്

**“ലോകത്തിലെ ഏറ്റവും ശക്തമായ ജനാധിപത്യ രാജ്യത്തിന്റെ അമരത്തേക്ക് ഒരു ഇന്ത്യൻ വേരുകളുള്ള വനിത ഉയർന്നു വന്ന് നാല് വർഷക്കാലം അമേരിക്കയുടെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചത്  ചരിത്രത്തിലെ സമാനതകളില്ലാത്ത അധ്യായമാണ്. വംശീയവും ലിംഗപരവുമായ എല്ലാ അതിർവരമ്പുകളെയും ഭേദിച്ച്, അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഉന്നതശൃംഗങ്ങൾ എത്തപ്പെടുകയും അമരത്തിരുന്ന കാലമത്രയും സ്വന്തം പാരമ്പര്യത്തെയും മാതൃത്വത്തെയും നെഞ്ചോടു ചേർത്തുപിടിച്ച കമല ഹാരിസിന്റെ ജീവിതം ലോകമെമ്പാടുമുള്ള ആളുകൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് വലിയൊരു പ്രചോദനമായിരുന്നു.**

**■ അനിറ്റ ജോപ്പോൾ**

ആഗോള രാഷ്ട്രീയത്തിന്റെ അധികാരകേന്ദ്രങ്ങളിൽ ഇന്ത്യൻ വംശജർ തങ്ങളുടെ സാന്നിധ്യം ശക്തമാക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ മുന്നേറ്റത്തിന്റെ ഏറ്റവും ദീപ്തവും ചരിത്രപരവുമായ മുഖമായിരുന്നു കമലാ ദേവി ഹാരിസ്. ലോകത്തിലെ ഏറ്റവും ശക്തമായ ജനാധിപത്യ രാജ്യത്തിന്റെ അമരത്തേക്ക് ഒരു ഇന്ത്യൻ വേരുകളുള്ള വനിത ഉയർന്നു വന്ന് നാല് വർഷക്കാലം  (2021 ജനുവരി 20 മുതൽ 2025 ജനുവരി 20 വരെ) അമേരിക്കയുടെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചത്  ചരിത്രത്തിലെ സമാനതകളില്ലാത്ത അധ്യായമാണ്. വംശീയവും ലിംഗപരവുമായ എല്ലാ അതിർവരമ്പുകളെയും ഭേദിച്ച്, അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഉന്നതശൃംഗങ്ങൾ എത്തപ്പെടുകയും അമരത്തിരുന്ന കാലമത്രയും സ്വന്തം പാരമ്പര്യത്തെയും മാതൃത്വത്തെയും നെഞ്ചോടു ചേർത്തുപിടിച്ച കമല ഹാരിസിന്റെ ജീവിതം ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് വലിയൊരു പ്രചോദനമായിരുന്നു.

അമേരിക്കയുടെ ചരിത്രത്തിലെ ആദ്യ വനിതാ വൈസ് പ്രസിഡന്റ്, ആദ്യ ആഫ്രോ-അമേരിക്കൻ വംശജ, ആദ്യ ഏഷ്യൻ-അമേരിക്കൻ വംശജ എന്നിങ്ങനെ നിരവധി 'ആദ്യങ്ങൾ' കമലയുടെ പേരിലുണ്ട്.

അമേരിക്കയുടെ അധികാര ഭൂപടത്തിൽ ഉയർന്ന ആ ഇന്ത്യൻ ശബ്ദം വെറുമൊരു പ്രഖ്യാപനമല്ല; അത് അമ്മവീട്ടിലെ അടുക്കളമണങ്ങളുടെയും തമിഴ് വാമൊഴികളുടെയും ഇന്ത്യൻ സ്മരണകളുടെയും മാറ്റൊലിയാണ്.

1964 ഒക്ടോബർ 20ന് കാലിഫോർണിയയിലെ ഓക്‌ലൻഡിലാണ് കമലാ ഹാരീസ് ജനിച്ചത്. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും ജമൈക്കൻ വംശജനുമായ ഡൊണാൾഡ് ജെ. ഹാരീസിന്റെയും, 1950കളിൽ ചെന്നൈയിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറിയ കാൻസർ ഗവേഷക ശ്യാമള ഗോപാലന്റെയും മകളാണ് കമല ഹാരിസ്.

അമേരിക്കൻ സ്വാതന്ത്ര്യബോധത്തോടൊപ്പം ഇന്ത്യൻ ആത്മാഭിമാനവും മൂല്യങ്ങളും ചേർത്തായിരുന്നു ശ്യാമള ഗോപാലൻ തന്റെ മക്കളായ കമലയെയും സഹോദരി മായയെയും വളർത്തിയത്. കമലയും, മായയും ചെറുപ്പത്തിൽ ചെന്നൈയിലെ അമ്മവീട്ടിൽ അവധി ചെലവഴിച്ചിരുന്നു. അതുകൊണ്ടുതന്നെ മാമന്മാരും അമ്മമ്മയും, ദക്ഷിണേന്ത്യൻ ഭക്ഷണങ്ങളും, ദീപാവലി ആഘോഷങ്ങളും കമലയുടെ ബാല്യത്തിന്റെ ഭാഗമായിരുന്നു. ഭാരതീയ സംസ്കാരം കമലയുടെ വ്യക്തിത്വത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. 'ഇന്ത്യ എന്റെ ആത്മാവിന്റെ ഭാഗമാണ്' എന്ന് അവർ പലപ്പോഴും അഭിമാനത്തോടെ പറഞ്ഞിട്ടുണ്ട്.

കറുത്തവർഗ്ഗക്കാരുടെ ചരിത്രപ്രധാനമായ ഹോവാർഡ് സർവകലാശാലയിലെ പഠനകാലമാണ് കമലയിലെ സാമൂഹ്യനീതിബോധത്തെ വളർത്തിയത്. തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ ഹാസ്റ്റിംഗ്സ് കോളേജ് ഓഫ് ലോയിൽ നിന്ന് നിയമബിരുദം നേടി. നിയമം അവർക്കൊരു തൊഴിൽ മാത്രമായിരുന്നില്ല, മറിച്ച് അനീതിക്കെതിരെ പോരാടാനുള്ള ആയുധം കൂടിയായിരുന്നു.

2003-ൽ സാൻ ഫ്രാൻസിസ്കോയിലെ ഡിസ്ട്രിക്റ്റ് അറ്റോർണിയായി തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് കമലയുടെ രാഷ്ട്രീയ ജീവിതം ശ്രദ്ധിക്കപ്പെടുന്നത്. പിന്നീട് 2010-ൽ കാലിഫോർണിയയുടെ അറ്റോർണി ജനറലായി അവർ ചുമതലയേറ്റു. ഈ സ്ഥാനത്തെത്തുന്ന ആദ്യ വനിതയും ആദ്യ ആഫ്രോഅമേരിക്കൻ വംശജയുമായിരുന്നു അവർ.



കമലാ ഹാരീസ്
ഭർത്താവ് ഡഗ് എംഹോഫ്

2017-ൽ യുഎസ് സെനറ്ററായ കമല, 2021 ജനുവരി 20-ന് അമേരിക്കയുടെ വൈസ് പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത് ചരിത്രം കുറിച്ചു. ആ നിമിഷം ലോകമെമ്പാടുമുള്ള ഇന്ത്യൻ വംശജർക്ക് അഭിമാനത്തിന്റേതായിരുന്നു. വൈസ് പ്രസിഡന്റ് എന്ന നിലയിൽ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം, സ്വകാര്യത, മനുഷ്യാവകാശങ്ങൾ എന്നിവയ്ക്കായി അവർ എടുത്ത ശക്തമായ നിലപാടുകൾ ലോകശ്രദ്ധ പിടിച്ചുപറ്റി.

2023ൽ ന്യൂഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ കമല ഹാരീസ് ഇന്ത്യയിലെത്തിയിരുന്നു. അതൊരു ഔദ്യോഗിക നയതന്ത്ര യാത്രയായിരുന്നെങ്കിലും ഇന്ത്യക്ക് അത് സ്വന്തം മകളുടെ സന്ദർശനം പോലെയായിരുന്നു. ഇന്ത്യ അമേരിക്ക ബന്ധം, സ്ത്രീശക്തി, ആഗോള സഹകരണം എന്നീ വിഷയങ്ങളിൽ അവർ സംസാരിച്ചപ്പോൾ ഒരു വിദേശ നേതാവിന്റെ അകലമില്ലാതെ സ്വന്തം വേരുകളെ അവർ ചേർത്തുപിടിച്ചു. 2014-ൽ അഭിഭാഷകനും രണ്ട് കുട്ടികളുടെ പിതാവുമായ ഡഗ് എംഹോഫ്നെ കമലാ ഹാരീസ് വിവാഹം കഴിച്ചതോടെ അമേരിക്കൻ ചരിത്രത്തിലെ ആദ്യ ആദ്യ 'സെക്കൻഡ് ജെന്റിൽമാൻ' എന്ന പദവിക്ക് ഡഗ് എംഹോഫ് ഉടമയായി. ഡഗ് എംഹോഫിന്റെ മക്കളായ കോളെയും എല്ലയെയും സ്വന്തം മക്കളായി കണ്ട് അവർ ലോകത്തിനു മുന്നിൽ മാതൃത്വത്തിന്റെ മഹനീയത തീർത്തു. കമലയെ കുട്ടികൾ സ്നേഹബഹുമാനത്തോടെ 'മൊമാല' (Mom + K-amala) എന്നാണ് വിളിക്കുന്നത്. ആ വിളിപ്പേരിൽ പോലും അവളുടെ കുടുംബബന്ധങ്ങളുടെ ഊഷ്മളത കാണാം.

കമലാ ഹാരീസ് ലോകത്തിന് നൽകുന്ന സന്ദേശം ലളിതമാണ്: 'വേരുകൾ ഉറച്ചതാണെങ്കിൽ ചിറകുകൾക്ക് അതിരുകളില്ല.' ഒരു ഇന്ത്യൻ ശാസ്ത്രജ്ഞയുടെ മകൾ അമേരിക്കയുടെ ഉന്നത പദവിയിലെത്തിയത് പ്രവാസി സമൂഹത്തിനും ഇന്ത്യൻ പെൺകുട്ടികൾക്കും വലിയൊരു പ്രചോദനമാണ്. അവർ വെറുമൊരു മുൻ വൈസ് പ്രസിഡന്റ് മാത്രമല്ല, ഇന്ത്യൻ സംസ്കാരത്തിന്റെ ആഗോള മുഖവും സ്ത്രീശക്തിയുടെ ചരിത്രസാക്ഷ്യവുമാണ്. ●

# സൗദിയിലെ ആദ്യ വിദേശ നിക്ഷേപ ലൈസൻസ് സ്വന്തമാക്കിയ ഡോ. വർഗ്ഗീസ് മൂലന്റെ കഥ




■ വാണിജ്യ ബ്യൂറോ

**" രുചിക്കൂട്ടുകളുടെ ലോകത്തുനിന്നും തുടങ്ങി ചലച്ചിത്ര നിർമ്മാണം വരെ പടർന്നുപന്തലിച്ചു കിടക്കുന്ന ഒരുവൻ ബിസിനസ് സാമ്രാജ്യമാണ് ഡോ. വർഗ്ഗീസ് മൂലൻ നേതൃത്വം നൽകുന്ന 'മൂലൻസ് ഗ്രൂപ്പ്'. അതോടൊപ്പം എഴുത്തുകാരൻ, സംഘാടകൻ,സംരംഭകൻ, ചലച്ചിത്ര നിർമ്മാതാവ്, സ്പെയ്സ് ബോർഡ് മുൻ വൈസ് ചെയർമാൻ, കോമൺവെൽത്ത് ട്രേയ്ഡ് കമ്മീഷണർ, ആന്റി കറപ്ക്ഷൻ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ നാഷണൽ ചെയർമാൻ എന്നീ നിലകളിലെല്ലാം ശോഭിക്കുമ്പോഴും ആർദ്രമായൊരു മനസ്സ് ഡോ.വർഗ്ഗീസ് മൂലന്റെ ഉള്ളിൽ എപ്പോഴും മിടിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ വിജയത്തിന്റെ അളവുകോൽ ബാങ്ക് അക്കൗണ്ടുകളിലെ അക്കങ്ങളല്ലെന്നും, താൻ തുടച്ചുമാറ്റുന്ന കണ്ണുനീർ തുള്ളികളാണെന്ന് ഡോ. വർഗ്ഗീസ് മൂലൻ വിശ്വസിച്ചു. 'വർഗ്ഗീസ് മൂലൻ ഫൗണ്ടേഷനിലൂടെ' നൂറുകണക്കിന് കുരുന്നുകൾക്ക് സ്വന്തം ചിലവിൽ ഹൃദയശസ്ത്രക്രിയകൾ നൽകി അവർക്ക് ജീവിതത്തിന്റെ പുതുതുടിപ്പുകൾ സമ്മാനിച്ചപ്പോൾ, ഡോ വർഗ്ഗീസ് മൂലൻ ഒരു ബിസിനസ്സുകാരൻ എന്നതിലുപരി മാനവികതയുടെ കാവലാളായി മാറി. ആർദ്രമായ സ്നേഹവും അസാമാന്യമായ ദീർഘവീക്ഷണവും ഒരേപോലെ സമന്വയിപ്പിച്ച ഡോ. വർഗ്ഗീസ് മൂലന്റെ ജീവിതം, വരുംതലമുറയ്ക്ക് ധൈര്യത്തോടെ വായിച്ചുപഠിക്കാവുന്ന ഒരു വലിയ പാഠപുസ്തകമാണ്., ബ്രിട്ടീഷ്,റഷ്യൻ പാർലമെന്റുകളിൽ നിന്നുള്ള ആദരവുകൾ അടക്കം 500ൽ അധികം ദേശീയ അന്തർദേശീയ പുരസ്ക്കാരങ്ങൾ കരസ്ഥമാക്കിയ ഡോ. വർഗ്ഗീസ് മൂലന്റെ ജീവിത ഭൂമികയിലൂടെ....**

**സൗ**ദി അറേബ്യയിലെ ആദ്യ വിദേശ നിക്ഷേപ ലൈസൻസ് കരസ്ഥമാക്കിയ ഡോ. വർഗ്ഗീസ് മൂലന്റെ കഥ ആരംഭിക്കുന്നത് അങ്കമാലിയിൽ നിന്നാണ്. വെറുമൊരു കച്ചവടക്കാരനിൽ നിന്നും വിശ്വപൗരനിലേക്കുള്ള ഡോ വർഗ്ഗീസ് മൂലന്റെ യാത്ര കേവലം ഭാഗ്യം കൊണ്ടായിരുന്നില്ല, പകരം അചഞ്ചലമായ ദൃഢനിശ്ചയത്തിന്റെ ഫലമായിരുന്നു.

കാലം കാത്തുവെച്ച വലിയ നിയോഗങ്ങളിലേക്കായിരുന്നു ഡോ വർഗ്ഗീസ് മൂലന്റെ ഓരോ ചുവടുവെപ്പും. കാലാന്തരത്തിൽപ്രവാസത്തിന്റെ കയ്പ്പും മധുരവും നുണയാൻ സൗദി അറേബ്യയുടെ മണലാരണ്യത്തിലേക്ക് പറന്ന ഡോ. വർഗ്ഗീസ് മൂലൻ സൗദി അറേബ്യയിൽ പടുത്തുയർത്തിയത് വെറുമൊരു ബിസിനസ്സ് സാമ്രാജ്യമായിരുന്നില്ല.മറിച്ച് ഒരു ഭാരതിയന്റെ ഇച്ഛാശക്തിയുടെ അടയാളമായിരുന്നു. സൗദി അറേബ്യയിൽ ഒരു വിദേശ പൗരന് ആദ്യമായി നിക്ഷേപത്തിനുള്ള ലൈസൻസ് നേടിയെടുക്കുന്ന ഭാരതിയനാണ് വർഗ്ഗീസ് മൂലൻ. ഇത് വെറുമൊരു സാമ്പത്തിക വിജയമായിരുന്നില്ല; മറിച്ച് ആഗോള വ്യവസായ ഭൂപടത്തിൽ ഒരു മലയാളി പതിപ്പിച്ച സുവർണ്ണമുദ്രയായിരുന്നു.

രുചിക്കൂട്ടുകളുടെ ലോകത്തുനിന്നും തുടങ്ങി ചലച്ചിത്ര നിർമ്മാണം വരെ പടർന്നുപന്തലിച്ചു കിടക്കുന്ന ഒരുവൻ ബിസിനസ് സാമ്രാജ്യമാണ് ഡോ. വർഗ്ഗീസ് മൂലൻ നേതൃത്വം നൽകുന്ന 'മൂലൻസ് ഗ്രൂപ്പ്'. അതോടൊപ്പം എഴുത്തുകാരൻ, സംഘാടകൻ,സംരംഭകൻ,ചലച്ചിത്ര നിർമ്മാതാവ്, സ്പെയ്സ് ബോർഡ് മുൻ വൈസ് ചെയർമാൻ, കോമൺവെൽത്ത് ട്രേയ്ഡ് കമ്മീഷണർ, ആന്റി കറപ്ക്ഷൻ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ നാഷണൽ ചെയർമാൻ എന്നീ നിലകളിലെല്ലാം ശോഭിക്കുമ്പോഴും ആർദ്രമായൊരു മനസ്സ് ഡോ.വർഗ്ഗീസ് മൂലന്റെ ഉള്ളിൽ എപ്പോഴും മിടിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ വി

ജയത്തിന്റെ അളവുകോൽ ബാങ്ക് അക്കൗണ്ടുകളിലെ അക്കങ്ങളല്ലെന്നും, താൻ തുടച്ചുമാറ്റുന്ന കണ്ണുനീർ തുള്ളികളാണെന്ന് ഡോ. വർഗ്ഗീസ് മൂലൻ വിശ്വസിച്ചു. 'വർഗ്ഗീസ് മൂലൻ ഫൗണ്ടേഷനിലൂടെ' നൂറുകണക്കിന് കുരുന്നുകൾക്ക് സ്വന്തം ചിലവിൽ ഹൃദയശസ്ത്രക്രിയകൾ നൽകി അവർക്ക് ജീവിതത്തിന്റെ പുതുതുടിപ്പുകൾ സമ്മാനിച്ചപ്പോൾ, ഡോ വർഗ്ഗീസ് മൂലൻ ഒരു ബിസിനസ്സുകാരൻ എന്നതിലുപരി മാനവികതയുടെ കാവലാളായി മാറി. ആർദ്രമായ സ്നേഹവും അസാമാന്യമായ ദീർഘവീക്ഷണവും ഒരേപോലെ സമന്വയിപ്പിച്ച ഡോ. വർഗ്ഗീസ് മൂലന്റെ ജീവിതം, വരുംതലമുറയ്ക്ക് ധൈര്യത്തോടെ വായിച്ചുപഠിക്കാവുന്ന ഒരു വലിയ പാഠപുസ്തകമാണ്., ബ്രിട്ടീഷ്,റഷ്യൻ പാർലമെന്റുകളിൽ നിന്നുള്ള ആദരവുകൾ അടക്കം 500ൽ അധികം ദേശീയ അന്തർദേശീയ പുരസ്ക്കാരങ്ങൾ കരസ്ഥമാക്കിയ ഡോ. വർഗ്ഗീസ് മൂലന്റെ ജീവിത ഭൂമികയിലൂടെ....

ചരിത്രമുറങ്ങുന്ന അങ്കമാലിയുടെ മണ്ണിൽ, പാരമ്പര്യത്തിന്റെ ഗാംഭീര്യമുള്ള മൂലൻ തറവാടിന്റെ തിരുമുറ്റത്തുനിന്നാണ് ഡോ. വർഗ്ഗീസ് മൂലന്റെ ജൈത്രയാത്ര ആരംഭിക്കുന്നത്. ദേവസ്സി മൂലനും, ഏലിയാമ്മയുമായിരുന്നു ഡോ. വർഗ്ഗീസ് മൂലന്റെ മാതാപിതാക്കൾ.

അങ്കമാലി സെന്റ് ജോസഫ് ഹൈസ്കൂൾ, തേവര സേക്രഡ് ഹാർട്ട് കോളേജ്, കാലടി ശ്രീശങ്കര കോളേജ്സ്കൂൾ കോളേജ് എന്നിവിടങ്ങളിൽ നിന്നാണ് ഡോ. വർഗ്ഗീസ് മൂലൻ തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പഠനകാലത്ത് 'ഓൾ ഇന്ത്യ കത്തോലിക് യൂണിവേഴ്സിറ്റി ഫെഡറേഷന്റെ' എറണാകുളം ജില്ലാ സെക്രട്ടറിയായി രണ്ടുതവണ ഡോ. വർഗ്ഗീസ് മൂലൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.മാത്രമല്ല ക്യാമ്പസ് രാഷ്ട്രീയത്തിലും സാമൂഹിക പ്രവർത്തനങ്ങളിലും ഡോ. വർഗ്ഗീസ് മൂലൻ ഒരു പോലെ സജീവമാ യിരുന്നു. വിജ്ഞാനത്തിനൊപ്പം കായികവീര്യവും ഒത്തുചേർന്ന ഡോ. വർഗ്ഗീസ് മൂലൻ കാലടിയിലെ ശ്രീ ശങ്കര കോളേജ് പഠനകാലത്ത് കോളേജ് ബാസ്കറ്റ്ബോൾ ടീമിന്റെ ക്യാപ്റ്റനായിരുന്നു.

സുവോളജിയിൽ ബിരുദം നേടിയെങ്കിലും, ഡോ. വർഗ്ഗീസിന്റെ ഹൃദയം തുടിച്ചത് അക്ഷരങ്ങളുടെ ചടുലമായ ലോകത്തിനൊപ്പമായിരുന്നു. അന്വേഷണങ്ങളുടെയും സ്വപ്നങ്ങളുടെയും ഒടുവിൽ 'ഇന്ത്യൻ എക്സ്പ്രസ്' എന്ന വിഖ്യാത പത്രത്തിൽ നിയമനം ലഭിച്ചു.തുടർന്ന് തന്റെ സ്വപ്നങ്ങൾക്ക് ചിറകുനൽകാൻ ചെന്നൈയുടെ തിരക്കുകളിലേക്ക് യാത്രയായി. അത് ലോകം കീഴടക്കാനിരിക്കുന്ന ഒരു വലിയ സംരംഭകന്റെ ആദ്യ ചുവടുവെപ്പായിരുന്നു എന്ന് ആരും അന്ന് തിരിച്ചറിഞ്ഞിരുന്നില്ല.

1977 കാലഘട്ടത്തിൽ ചെന്നൈയിലെ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിലൂടെയാണ് ഡോ. വർഗ്ഗീസ് മൂലൻ തന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. കർമ്മപഥങ്ങളിലും തിരക്കിലാകുമ്പോഴും തന്റെ ഉള്ളിലെ എഴുത്തുകാരനെ ഡോ. വർഗ്ഗീസ് മൂലൻ ഒരിക്കലും കൈവിട്ടിരുന്നില്ല. ഭാരതത്തിലെ മുൻനിര മാധ്യമങ്ങളായ ടൈംസ് ഓഫ് ഇന്ത്യ, ഇന്ത്യൻ എക്സ്പ്രസ്, മലയാള മനോരമ എന്നിവയിൽ 'അനുരഞ്ജ്', 'നിരഞ്ജ്കർ' എന്നീ തൂലികാനാമങ്ങളിൽ അക്കാലത്ത് ഡോ. വർഗ്ഗീസ് മൂലൻ എഴുതിയ കോളങ്ങൾ വായനക്കാരുടെ ചിന്തകളിൽ ആഴത്തിൽ സ്വാധീനം ചെലുത്തിരുന്നു. അതോടൊപ്പം ഡോ. വർഗ്ഗീസ് മൂലന്റെ സർഗ്ഗപ്രതിഭയ്ക്ക് സാഹിത്യലോകം അർഹമായ അംഗീകാരങ്ങൾ നൽകി. ആദ്യ നോവലായ 'തെക്ക്' 'മാമ്മൻ മാപ്പിള അവാർഡ് മത്സരത്തിലും 'എരിമലയിലൊരഭയം 'എന്ന നോവലിന് കുങ്കുമം അവാർഡ് മത്സരത്തിലും വലിയ അംഗീകാരങ്ങൾ ലഭിച്ചു.എന്നാൽ, കേവലമൊരു എഴുത്തുകാരൻ എന്നതിലുപരി ഒരു പര്യവേഷകന്റെ നിശിതമായ ഉൾക്കാഴ്ചയോടെ ഡോ. വർഗ്ഗീസ് മൂലൻ നടത്തിയ യാത്രകളാണ് ലോകത്തെ വിസ്മയിപ്പിച്ചത്. ബംഗാൾ, ബീഹാർ, ഒറീസ അതിർത്തികളിലെ 'ഗോണ്ടാന' മേഖലയിലുള്ള സവര ആദിവാസികൾക്കിടയിൽ മാസങ്ങളോളം താമസിച്ച് ഡോ. വർഗ്ഗീസ് മൂലൻ നടത്തിയ നരവംശശാസ്ത്ര പഠനം മലയാള മനോരമയിൽ ഒൻപത് അധ്യായങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടു. 'നമ്മുടെ രാജ്യത്തെ നാലാം ക്ലാസ് പൗരന്മാരിൽ ചിലർ' എന്ന ആ പ്രബന്ധം ഭരണകൂടങ്ങളുടെയും പൊതുസമൂഹത്തിന്റെയും കണ്ണുതുറപ്പിക്കുന്നതായിരുന്നു.



**2001ൽ സൗദി അറേബ്യയിൽ വിദേശ നിക്ഷേപ നിയമം നിലവിൽ വന്നപ്പോൾ, ലൈസൻസ് നേടിയ ആദ്യ ഭാരതിയൻ എന്ന ചരിത്ര ബഹുമതി ഡോ.വർഗ്ഗീസ് മൂലനെ തേടിയെത്തി. തുടർന്ന് നൂറ് ശതമാനം സ്വന്തം ഉടമസ്ഥതയിൽ 'ഹൗസ് ഓഫ് സ്പൈസസ്' എന്ന ഫാക്ടറി സൗദിയിൽ സ്ഥാപിച്ച് വ്യവസായം നിരവധി രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു. സൗദി ചേംബർ ഓഫ് കൊമേഴ്സിൽ അംഗത്വം ലഭിക്കുന്ന ആദ്യ ഇന്ത്യൻ ബിസിനസുകാരൻ എന്ന നേട്ടവും ഡോ. വർഗ്ഗീസ് മൂലൻ സ്വന്തമാക്കി.**



1979ൽ ന്യൂഡൽഹിയിലെ 'സന്തൂർ ലിമിറ്റഡ്' സ്പെയർ പാർട്ട്സ് കമ്പനിയിൽ സെയിൽസ് മാനേജരായി. തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അലിഗഡ് മുസ്ലിം സർവ്വകലാശാലയിൽ നിന്ന് മാനേജ്മെന്റ് അഡ്മിനിസ്ട്രേഷനിൽ പി.ജി ഡിപ്ലോമ കരസ്ഥമാക്കി. വാണിജ്യ ലോകത്തെ തന്ത്രങ്ങൾ പഠിക്കുന്നതോടൊപ്പം തന്നെ അവ പ്രായോഗികതലത്തിൽ നടപ്പിലാക്കാനും ഡോ. വർഗ്ഗീസ് മൂലൻ കാട്ടിയ ഉത്സാഹം ശ്രദ്ധേയമായിരുന്നു.ഡൽഹിയിലെ ഔദ്യോഗിക ജീവിതത്തിനിടയിൽ ഡോ. വർഗ്ഗീസ് മൂലന്റെ കീഴിൽ ജോലി ചെയ്തിരുന്ന ഒരു യുവാവ് മരണത്തിൽ നിന്ന് അത്ഭുതകരമായി ജീവിതത്തിലേക്ക് തിരിച്ചുവന്ന കഥ ഒരിക്കൽ ഡോ. വർഗ്ഗീസ് മൂലനോട് പറയാൻ ഇടയായി.ആ യുവാവ് താൻ മരിച്ചുകിടന്ന മൂന്ന് ദിവസങ്ങളിൽ തനിക്കുണ്ടായ ആത്മീയ അനുഭവങ്ങൾ ഡോ. വർഗ്ഗീസ് മൂലനുമായി പങ്കുവെച്ചു.

ഈ സംഭവത്തെ ആസ്പദമാക്കി ഡോ. വർഗ്ഗീസ് മൂലൻ രചിച്ച നോവലാണ് 'ഈ പ്രവാസികളിൽ ഒരുവൻ'. സക്കറിയയുടെ അവതാരികയോടെ 2006ൽ കവി സച്ചിദാനന്ദനാണ് ഈ കൃതി പ്രകാശനം ചെയ്തത്. 2026ൽ വീണ്ടും ഐ എസ്. ആർ.ഓ ശാസ്ത്രജ്ഞൻ ഡോ. നമ്പിനാരയണൻ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്യുക യുണ്ടായി.

ജോലിയുടെ ഭാഗമായി കന്യാകുമാരി മുതൽ കശ്മീർ വരെ തീവണ്ടിയിലും ബസ്സിലും കുതിരവണ്ടിയിലും ആൾരിക്ഷയിലും ഒരു ഭിക്ഷാംദേഹിയെപ്പോലെ ഡോ. വർഗ്ഗീസ് മൂലൻ സഞ്ചരിച്ചിട്ടുണ്ട്. അക്കാലത്ത് റെയിൽവേ സ്റ്റേഷനുകളിലും ക്ഷേത്രങ്ങളിലും പള്ളികളിലും ഡോ. വർഗ്ഗീസ് മൂലൻ അന്തിയുറങ്ങിയതായി പറയുന്നു. ക്രൈസ്തവ, ഇസ്ലാം, ഹൈന്ദവ, സിഖ് മതകേന്ദ്രങ്ങളിൽ നിർബാധം സഞ്ചരിക്കുകയും അവിടങ്ങളിലെ സംസ്കാരങ്ങൾ നെഞ്ചിലേറ്റുകയും ചെയ്തതിലൂടെ ഒരു തികഞ്ഞ മതേതര മനുഷ്യനായി താൻ മാറിയതാവും ഡോ. വർഗ്ഗീസ് മൂലൻ പറയുന്നു. യേശുക്രിസ്തു സന്ന്യാസിയായി ജീവിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന ലഡാക്കിലെ 'ഹെമിസ് ഗോംപ' സന്ദർശിക്കുകയും സന്ന്യാസി വസ്ത്രം ധരിച്ച് രണ്ട് മാസക്കാലം അവിടെ സന്ന്യാസ ജീവിതം നയിക്കുകയും ചെയ്തത് ഡോ. വർഗ്ഗീസ് മൂലന്റെ പര്യവേഷകനെ തൃപ്തിപ്പെടുത്തിയ അനുഭവമായിരുന്നു.സന്തൂർ കമ്പനിയിലെ ഉദ്യോഗത്തിനിടയിലാണ് വളരെ യാദൃശ്ചികമായി ഒരു സൗദി പൗരനെ പരിചയപ്പെടുവാൻ ഇടയായി. അദ്ദേഹത്തിന്റെ സഹായത്താൽ ഡോ. വർഗ്ഗീസ് മൂലന് സൗദി അറേബ്യയിൽ ജോലി ലഭിച്ചു.

സൗദി അറേബ്യയിലെദമാമിലെ 'അൽ സലേഹ് ഗ്രൂപ്പ് ഓഫ് കമ്പനീസിൽ' മാനേജരായിട്ടായിരുന്നു ആദ്യ പോസ്റ്റിംങ്. മാർക്കറ്റിംഗ് രംഗത്തെ തന്റെ മുൻപരിചയവും നൈപുണ്യവും കൊണ്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ മാനേജ്മെന്റിന്റെ വിശ്വസ്തനായി മാറാൻ ഡോ. വർഗ്ഗീസ് മൂലന് കഴിഞ്ഞു.

രണ്ടു വർഷത്തെ പ്രവാസജീവിതത്തിന്റെ അനുഭവസമ്പത്തുമായി ജന്മനാടിന്റെ മടിത്തട്ടിലേക്ക് മടങ്ങിയെത്തിയ വർഗ്ഗീസ് മൂലൻ അധ്യാപികയായ മാർഗേറ്റിനെ ജീവിത സഖിയാക്കി. പരസ്പര ബഹുമാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ആ ബന്ധം അദ്ദേഹത്തിന്റെ കർമ്മപഥങ്ങൾക്ക് വലിയൊരു കരുത്തായി മാറി.

ആ ദാമ്പത്യവല്ലരിയിൽ സന്തോഷത്തിന്റെ പൂമഴ പെയ്യിച്ചുകൊണ്ട് 1984ൽ വർഗ്ഗീസ് മൂലൻ മാർഗേറ്റ് ദമ്പതികൾക്ക് ഒരു പുത്രൻ പിറന്നു. (വിജയ്) 1990ൽ പുത്രി










"1979ൽ ന്യൂഡൽഹിയിലെ 'സന്തൂർ ലിമിറ്റഡ്' സ്പെയർ പാർട്ട്സ് കമ്പനിയിൽ സെയിൽസ് മാനേജരായി. തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അലിഗഡ് മുസ്‌ലിം സർവ്വകലാശാലയിൽ നിന്ന് മാനേജ്മെന്റ് അഡ്മിനിസ്ട്രേഷനിൽ പി.ജി ഡിപ്ലോമ കരസ്ഥമാക്കി. വാണിജ്യലോകത്തെ തന്ത്രങ്ങൾ പഠിക്കുന്നതോടൊപ്പം തന്നെ അവ പ്രായോഗികതലത്തിൽ നടപ്പിലാക്കാനും ഡോ. വർഗ്ഗീസ് മൂലൻ കാട്ടിയ ഉത്സാഹം ശ്രദ്ധേയമായിരുന്നു.ഡൽഹിയിലെ ഔദ്യോഗിക ജീവിതത്തിനിടയിൽ ഡോ. വർഗ്ഗീസ് മൂലന്റെ കീഴിൽ ജോലി ചെയ്തിരുന്ന ഒരു യുവാവ് മരണത്തിൽ നിന്ന് അത്ഭുതകരമായി ജീവിതത്തിലേക്ക് തിരിച്ചുവന്ന കഥ ഒരിക്കൽ ഡോ. വർഗ്ഗീസ് മൂലനോട് പറയാൻ ഇടയായി. ആ യുവാവ് താൻ മരിച്ചു കിടന്ന മൂന്ന് ദിവസങ്ങളിൽ തനിക്കുണ്ടായ ആത്മീയ അനുഭവങ്ങൾ ഡോ. വർഗ്ഗീസ് മൂലനുമായി പങ്കുവെച്ചു. ഈ സംഭവത്തെ ആസ്പദമാക്കി ഡോ. വർഗ്ഗീസ് മൂലൻ രചിച്ച നോവലാണ് 'ഈ പ്രവാസികളിൽ ഒരുവൻ'. സക്കറിയയുടെ അവതാരികയോടെ 2006ൽ കവി സച്ചിദാനന്ദനാണ് ഈ കൃതി പ്രകാശനം ചെയ്തത്. 2026ൽ വീണ്ടും ഐ എസ്. ആർ.ഓ ശാസ്തജ്ഞൻ ഡോ. നമ്പിനാരയണൻ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്യുകയുണ്ടായി.

യും (ജയശ്രീ) വർഗ്ഗീസ് മൂലന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ഒരു വ്യക്തിയുടെ വളർച്ചയിൽ കുടുംബം നൽകുന്ന താങ്ങും തണലും എത്രത്തോളം വലുതാണെന്ന് തെളിയിക്കുന്നതായിരുന്നു വർഗ്ഗീസ് മാർഗേറ്റ് ദമ്പതികളുടെ ഈ സുന്ദരമായ ജീവിതം.

ഇതിനിടയിൽ വർഗ്ഗീസ് മൂലൻ, കറി പൗഡറുകളുടെ വിതരണത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ഒരു സൂപ്പർമാർക്കറ്റ് തുടങ്ങാൻ തീരുമാനിച്ചു. സൗദി അറേബ്യയിൽ വിദേശികൾക്ക് ബിസിനസ്സ് തുടങ്ങുക അസാധ്യമായിരുന്നു. ഒരു സൗദി പൗരനെ 'കഫീൽ' ആയി നിയമിക്കേണ്ടത് അത്യാവശ്യമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ ഡോ. വർഗ്ഗീസ് മൂലൻ തന്റെ ഒരു അറബ് സുഹൃത്തിനെ സമീപിച്ചു. സുഹൃത്ത് വർഗ്ഗീസ് മൂലന് ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. അദ്ദേഹത്തിന്റെ പിന്തുണയിൽ വിശ്വസിച്ച്, അൽസലേഹ് ഗ്രൂപ്പിനോട് സൗഹൃദപൂർവ്വം വിടപറഞ്ഞു. 1985ൽ സൗദി അറേബ്യയിൽ നാല് വർഷം ജോലി ചെയ്ത സമ്പദ്യവുമായി

അറേബ്യയിലെ അൽഖോബറിൽ തന്റെ മകൻ വിജയുടെ പേരിൽ 'വിജയ് സൂപ്പർ മാർക്കറ്റ്' എന്ന സ്ഥാപനത്തിന് തുടക്കമിട്ടു.

ഡോ. വർഗ്ഗീസ് മൂലന്റെ കഠിനാധ്വാനം ചെയ്യുവാനുള്ള മനസ്സിനോടൊപ്പം മാർക്കറ്റിംഗ് മേഖലയിലെ അദ്ദേഹത്തിന്റെ അനുഭവ സമ്പത്തും വളക്കൂർ ആയതോടെ വിജയ് സൂപ്പർമാർക്കറ്റ് വൻ വിജയമായി മാറി.

സൂപ്പർമാർക്കറ്റിന്റെ വിജയത്തിന് പിന്നാലെ, ഫിലിപ്പൈൻസിൽ നിന്നും തായ്ലൻഡിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ വിതരണത്തിനായി ഡോ. വർഗ്ഗീസ് മൂലൻ മറ്റൊരു കമ്പനിക്ക് തുടക്കമിട്ടു. അതിലും വിജയം കണ്ടതോടെ1987ൽ, കേരളത്തിൽ 'മൂലൻ ഫുഡ് ഇന്റർനാഷണൽ എക്സ്പോർട്ട്' എന്ന പേരിൽ മറ്റൊരു കമ്പനി ആരംഭിച്ചു. അപ്പൻ ദേവസ്യയെ മാനേജിംഗ് പാർട്ണറായും, അമ്മയെയും ഭാര്യയെയും പാർട്ണർമാരായും ചേർത്തുകൊണ്ടായിരുന്നു സംരംഭം. 'വിജയ്' എന്ന ബ്രാൻഡിലൂടെ സ്വന്തം ഉൽപ്പന്നങ്ങൾ ഡോ. വർഗ്ഗീസ് മൂലൻ വിപണിയിൽ അവതരിപ്പിച്ചു. അതോടൊപ്പം സുഗന്ധവ്യഞ്ജനങ്ങളും പലചരക്ക് സാധനങ്ങളും നാട്ടിൽ നിന്നും കയറ്റുമതി ചെയ്യാനും ആരംഭിച്ചു. വിപണിയിലെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് വിജയ്, ജയ്, റോമ, മൂൾ എ എൻഎസ്, ബട്ട് ടെർഫ്ലൈ, എലൈറ്റ് തുടങ്ങിയ ബ്രാൻഡുകളുടെ വിൽപ്പന രണ്ട് ഡസനിലധികം രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു. അറബ് ജനത ഉൽപ്പന്നങ്ങളെ ഹൃദയപൂർവ്വം സ്വീകരിച്ചതോടെ ബിസിനസ്സ് സാമ്രാജ്യം വീണ്ടും വളർന്നു പന്തലിച്ചു. വളർച്ചയുടെ ഘട്ടത്തിൽ നിരവധി മലയാളികളെയും തന്റെ സഹോദരങ്ങളെയും വിദേശത്തേക്ക് കൊണ്ടുവന്ന് സ്ഥാപനത്തിന്റെ വിവിധ ഉത്തരവാദിത്തങ്ങൾ അദ്ദേഹം ഏൽപ്പിച്ചു. 1998ൽ കേരളത്തിൽ ആദ്യമായി 'മാർജിൻഫ്രീ' സൂപ്പർ മാർക്കറ്റ് ശൃംഖലയ്ക്ക് ഡോ. വർഗ്ഗീസ് മൂലൻ ആരംഭം കുറിച്ചു. തുടർന്ന് 'മൂലൻസ് സൂപ്പർ മാർക്കറ്റ്,, 'മൂലൻസ് ഹൈപ്പർ മാർട്ട്' എന്നി പേരുകളിലായി ആരംഭിച്ച ഒരു ഡസനോളം റീട്ടെയിൽ ശൃംഖലകൾ ഇന്നും ജനപ്രീതിയാർജ്ജിച്ച് മുന്നേറുന്നു.


2001ൽ സൗദി അറേബ്യയിൽ വിദേശ നിക്ഷേപ നിയമം നിലവിൽ വന്നപ്പോൾ, ലൈസൻസ് നേടിയ ആദ്യ ഭാരതിയൻ എന്ന ചരിത്ര ബഹുമതി ഡോ.വർഗ്ഗീസ് മൂലനെ തേടിയെത്തി. തുടർന്ന് നൂറ് ശതമാനം സ്വന്തം ഉടമസ്ഥതയിൽ 'ഹൗസ് ഓഫ് സ്പൈസസ്' എന്ന ഫാക്ടറി സൗദിയിൽ സ്ഥാപിച്ച് വ്യവസായം നിരവധി രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു. സൗദി ചേംബർ ഓഫ് കൊമേഴ്സിൽ അംഗത്വം ലഭിക്കുന്ന ആദ്യ ഇന്ത്യൻ ബിസിനസുകാരൻ എന്ന നേട്ടവും ഡോ. വർഗ്ഗീസ് മൂലൻ സ്വന്തമാക്കി.

2010ൽ ഡോ. വർഗ്ഗീസ് മൂലൻ തന്റെ ജീവിതത്തിലെ ഏറ്റവും ധീരവും ഉദാരവുമായ ഒരു തീരുമാനമെടുത്തു. പതിറ്റാണ്ടുകളുടെ കഠിനാധ്വാനം കൊണ്ട് നേടിയെടുത്ത സമ്പാദ്യവുംനാട്ടിലെ വിപുലമായ സൂപ്പർ മാർക്കറ്റുകളും, തോട്ടങ്ങളും, ഗൾഫ് നാടുകളിലെ പടർന്നുപന്തലിച്ച വിതരണ ശൃംഖലകളുംഎല്ലാം സഹോദരങ്ങൾക്കായി പങ്കുവെയ്ക്കുവാൻ തയ്യാറായി. ഈ തിരുമാനത്തിൽ നിന്ന് ഡോ. വർഗ്ഗീസ് മൂലനെ പിൻതിരിപ്പിക്കാൻ പലരും ശ്രമിച്ചു. രക്തബന്ധങ്ങളുടെ ഊഷ്മളതയ്ക്ക് ഭൗതികസമ്പത്തിനേക്കാൾ വിലകല്പിച്ച ഡോ. വർഗ്ഗീസ് മൂലൻ, തന്റെ സമ്പാദ്യമെല്ലാം നാലായി വിഭജിച്ചു. അതിൽ മൂന്ന് ഭാഗങ്ങളും സഹോദരങ്ങൾക്കായി സ്നേഹപൂർവ്വം വിട്ടുകൊടുത്തു.

2010ൽ തന്നെ 'മൂലൻ എക്സ്പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്' എന്ന പേരിൽ പുതിയൊരു സംരംഭത്തിന് അടിത്തറയിട്ടു. തളരാത്ത പോരാട്ടവീര്യവും അചഞ്ചലമായ ദൈവവിശ്വാസവും തുണയായപ്പോൾ, ആ തുടക്കം കേവലം ഒരു ബിസിനസ്സ് സ്ഥാപനമായിരുന്നില്ല; മറിച്ച്, പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റുന്ന ഒരു വലിയ വിജയഗാഥയുടെ ശുഭാരംഭമായിരുന്നു.

വിശ്വസ്തതയുടെയും ഗുണമേന്മയുടെയും ഉജ്ജ്വലമായ നാല് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ, ഡോ. വർഗ്ഗീസ് മൂലൻ എന്ന ദീർഘദർശിയുടെ നിശ്ചയദാർഢ്യത്തിൽ പടുത്തുയർത്തപ്പെട്ട 'മൂലൻസ് ഗ്രൂപ്പ്' ലോകമാകെ പടർന്നുപന്തലിച്ച ഒരു വിജയഗാഥയായി മാറിയിരിക്കുന്നു. പത്തിലധികം രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ വ്യവസായ സാമ്രാജ്യം, പന്ത്രണ്ടിലധികം നിർമ്മാണ യൂണിറ്റുകളിലൂടെ മുന്നൂറിലധികം ഉൽപ്പന്നങ്ങളാണ് വിപണിയിലെത്തിക്കുന്നത്. എക്സ്പോർട്ട് ഇംപോർട്ട് മേഖലകളിൽ തങ്ങളുടെ ആധിപത്യം ഉറപ്പിച്ച ഗ്രൂപ്പ്, ഡോ. വർഗ്ഗീസ് മൂലന്റെയും, മകൻ വിജയ് മൂലന്റെയും സാരഥ്യത്തിൽ റിയൽ എസ്റ്റേറ്റ്, ഓർഗാനിക് ഗാർഡൻ, റിസോർട്ട്, ടെക്സ്റ്റൈൽസ്, പെട്രോൾ പമ്പ് തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലേക്ക് കുതിച്ചുയർന്നു. ഫാമിലി മാർട്ട്, ഹൈപ്പർ മാർട്ട് എന്നിവയ്ക്ക് പുറമെ ഡി.എൻ.എ ഡയമണ്ട് ജ്വല്ലറി, പുരുഷ സൗന്ദര്യവർദ്ധക ബ്രാൻഡായ ചോപ്പ് ഷോപ്പ് എന്നിവയിലൂടെയും മൂലൻസ് ഗ്രൂപ്പ് തങ്ങളുടെ സാന്നിധ്യം അറിയിക്കുന്നു.


ഇതിനോടകം അറുപതിലധികം വിദേശ രാജ്യങ്ങളിൽ നടത്തിയ യാത്രയിലൂടെ




ആർജ്ജിച്ച വിപുലമായ അനുഭവസമ്പത്താണ് ബിസിനസ്സിലെന്നപോലെ ജീവകാരുണ്യ മേഖലയിലും തിളങ്ങാൻ തന്നെ പ്രാപ്തനാക്കിയതെന്ന് ഡോ. വർഗ്ഗീസ് മൂലൻ പറയുന്നു. ബിസിനസ്സിൽ മാത്രമല്ല, ജീവകാരുണ്യ പ്രവർത്തന മേഖലയിലും, 'ഗ്ലോബൽ മലയാളി കൗൺസിലിന്റെ' സ്ഥാപകൻ എന്ന നിലയിലും മാതൃകാപരമായ നേതൃത്വമാണ് കാഴ്ച വെച്ചിട്ടുള്ളത്. വളർച്ചയുടെ ഓരോ ഘട്ടത്തിലും സമൂഹത്തിന്റെ വേദനയറിയാൻ ശ്രമിച്ചു കൊണ്ടിരുന്ന ഡോ. വർഗ്ഗീസ് മൂലൻ രൂപം കൊടുത്ത 'വർഗ്ഗീസ് മൂലൻ ഫൗണ്ടേഷൻ' വഴി ജാതിമത ഭേദമന്യേ അനേകം പേർക്ക് തണലായി മാറി. നിർദ്ധനർക്ക് ധനസഹായം, ചികിത്സാ സൗകര്യങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ഭവന നിർമ്മാണം എന്നിവയ്ക്ക് പുറമെ നിരന്തരമായ രക്തദാന ക്യാമ്പുകളും ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണവും ഈ ഫൗണ്ടേഷൻ ഏറ്റെടുത്തു നടത്തുന്നുണ്ട്.വിശേഷിച്ചും, 'ഹൃദയസ്പർശം' എന്ന സുമനസ്സുകളുടെ പദ്ധതിയിലൂടെ ചെന്നൈ അപ്പോളോ ആശുപത്രിയിലും അമൃത ആശുപത്രിയിലുമായി മുന്നൂറിലധികം കുരുന്നുകൾക്ക് സൗജന്യ ഹൃദയശസ്ത്രക്രിയയും, മികച്ച ചികിത്സയും നൽകാൻ ഡോ. വർഗ്ഗീസ് മൂലന് സാധിച്ചു.

മകൻ വിജയുടെ വിവാഹവേളയിൽ 25 നിർദ്ധന യുവതികൾക്ക് വിവാഹ ധനസഹായം നൽകിക്കൊണ്ട് ആ മംഗളകർമ്മത്തെ ഡോ. വർഗ്ഗീസ് മൂലൻ അർത്ഥവത്താക്കിയത്. താൻ ചെയ്യുന്ന നന്മകൾ ലോകമറിയുന്നതിനേക്കാൾ, അത് അർഹിക്കുന്നവരുടെ കരങ്ങളിലേക്ക് എത്തുന്നതിലാണ് ഡോ. വർഗ്ഗീസ് മൂലൻ ആത്മസംതൃപ്തി കണ്ടെത്തുന്നത്.

'ഉള്ളവൻ ഇല്ലാത്തവന് നൽകുക' എന്ന ബൈബിൾ വചനം സ്വജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഈ അങ്കമാലി








ക്കാരൻ, സഹജീവികളോട് അനന്തമായ കരുണയുള്ള അപൂർവ്വം വ്യവസായികളിൽ ഒരാളാണ്. ബിസിനസ്സിലും ജീവകാരുണ്യത്തിലും മാത്രമല്ല; പത്രപ്രവർത്തനം, എഴുത്ത് എന്നിങ്ങനെ വിഭിന്ന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഡോ. വർഗ്ഗീസ് മൂലൻ ചലച്ചിത്ര നിർമ്മാണത്തിലും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. 2018ൽ 'ഒടു രാജ ഓട്'എന്ന തമിഴ് ചിത്രത്തിലൂടെ സിനിമാലോകത്തേക്ക് കടന്നുവന്ന ഡോ. വർഗ്ഗീസ് മൂലൻ, ആദ്യ സംരംഭത്തിലൂടെ തന്നെ മികച്ച ചിത്രത്തിനുള്ള ഏഷ്യവിഷൻ പുരസ്കാരം നേടിയെടുത്തു. തുടർന്ന് ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞൻ ഡോ. നമ്പി നാരായണന്റെ ജീവിതം പ്രമേയമാക്കി അദ്ദേഹം നിർമ്മിച്ച 'റോക്കട്രി: ദി നമ്പി ഇഫക്റ്റ്' എന്ന ഹോളിവുഡ് ചിത്രം ലോക സിനിമാ ഭൂപടത്തിൽ ഒരു മലയാളി നിർമ്മാതാവിന്റെ അഭിമാന മുദ്രയായി മാറി. 70 രാജ്യങ്ങളിലായി അയ്യായിരത്തോളം തിയേറ്ററുകളിൽ റിലീസ് ചെയ്ത ഈ ചിത്രം കാൻ ഫിലിം ഫെസ്റ്റിവലിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 2023ലെ മികച്ച ഫീച്ചർ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം കരസ്ഥമാക്കിയതിലൂടെ ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്നും 'സ്വർണ്ണ കമൽ പുരസ്കാരം' ഡോ. വർഗ്ഗീസ് മൂലൻ ഏറ്റുവാങ്ങി. 'ഇന്ത്യയുടെ എഡിസൺ' എന്നറിയപ്പെടുന്ന ജി.ഡി. നായിഡുവിന്റെ ജീവിതകഥ പറയുന്ന 'ജി.ഡി.എൻ' എന്ന ചിത്രത്തിലൂടെ കലയും ചരിത്രവും കോർത്തിണക്കി ഡോ. വർഗ്ഗീസ് മൂലൻ ചലച്ചിത്ര മേഖലയിലെ തന്റെ യാത്ര തുടരുകയാണ്.

ഈ വിജയങ്ങൾക്കുള്ള അംഗീകാരമെന്നോണം നിരവധി പുരസ്കാരങ്ങളാണ് ഡോ. വർഗ്ഗീസ് മൂലനെ തേടിയെത്തിയത്. 2010ൽ, ഭക്ഷ്യമേഖലയിലെ വിപണന സാധ്യതകളെ ആഴത്തിൽ വിശകലനം ചെയ്തുകൊണ്ട് ഡോ. വർഗ്ഗീസ് മൂലൻ സമർപ്പിച്ച "Modern Marketing with Special Relevance to Food' എന്ന പ്രബന്ധത്തിന് മലേഷ്യയിലെ ഓപ്പൺ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകി ആദരിച്ചു. രാഷ്ട്രവികസനത്തിന് നൽകിയ നിസ്തുലമായ സംഭാവനകൾ മുൻനിർത്തി 2006ൽ രാജ്യം 'ഭാരത് ജ്യോതി അവാർഡ്' നൽകി ആദരിച്ച ഈ വ്യവസായ പ്രതിഭയെ തേടി 2008ൽ വികസനജ്യോതി അവാർഡും, 2009ൽ പ്രവാസി ഭാരതി (കേരള) അവാർഡും എത്തിച്ചേർന്നു. അംഗീകാരങ്ങളുടെ പരമ്പര അവിടെയും അവസാനിച്ചില്ല. 2010ൽ മലേഷ്യയിൽ വെച്ച് കൈരളി ടിവി ഇന്റർനാഷണൽ ബിസിനസ് എക്സലൻസി അവാർഡും, 2014ൽ സൗദി ബിസിനസ് എക്സലൻസ് അവാർഡും ഡോ. വർഗ്ഗീസ് മൂലനെ തേടിയെത്തി. ഒരു പ്രവാസി എന്ന നിലയിൽ ഡോ. വർഗ്ഗീസ് മൂലൻ നടത്തിയ അതിവിശിഷ്ടമായ സേവനങ്ങൾ കണക്കിലെടുത്ത് 2012ൽ ദീപിക പത്രം 'പ്രവാസി ശ്രേഷ്ഠ അവാർഡ്' നൽകി ആദരിക്കുകയുണ്ടായി. ബ്രിട്ടനിലെ കിങ് യൂണിവേഴ്സിറ്റി, 2019ൽ മാർക്കറ്റിംഗ് മാനേജ്മെന്റിലെ പ്രബന്ധത്തിന് ഓണററി ഡോക്ടറേറ്റ് കൂടി സമ്മാനിച്ചു.

ചിന്താലോകത്തെഡോ. വർഗ്ഗീസ് മൂലന്റെ വിപ്ലവകരമായ ചുവടുവെപ്പായിരുന്നു 2024 ഫെബ്രുവരിയിൽ ബ്രിട്ടീഷ് പാർലമെന്റിൽ നടന്നത്. 58 രാജ്യങ്ങളിൽ നിന്നുള്ള വിഖ്യാതരായ പണ്ഡിതർക്ക് മുൻപാകെ അവതരിപ്പിച്ച 'ഡൈമൻഷണൽ പ്രോഗ്രസീവ് തിയറി' എന്ന പ്രബന്ധം വിജ്ഞാനലോകത്ത് ചർച്ചാവിഷയമായി.ഡോ. വർഗ്ഗീസ് മൂലന്റെ ഈ പുസ്തകത്തിന് ലഭിച്ച 'ഗോൾഡൻ ബുക്ക് അവാർഡ്' അന്താരാഷ്ട്ര തലത്തിൽ ലഭിച്ച ഏറ്റവും വലിയ അംഗീകാരങ്ങളിൽ ഒന്നാണ്. ദലൈലാമയെയും സദ്ഗുരുവിനെയും പോലുള്ള ലോകപ്രശസ്ത ചിന്തകർക്കൊപ്പമാണ് ഡോ. വർഗ്ഗീസ് മൂലൻ അന്ന് ആ ബഹുമതിക്ക് അർഹനായത്. ഫുഡ് കോപ്പറേഷൻ ഇന്ത്യയുടെ മുൻ കൺസൾട്ടൻസി ബോർഡ് മെമ്പറായും, സ്പൈസസ് ബോർഡിന്റെ നാഷണൽ വൈസ് ചെയർമാനായും സേവനം അനുഷ്ഠിച്ചിട്ടുള്ള ഡോ. വർഗ്ഗീസ് മൂലൻ ആന്റികറപ്ക്ഷൻ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ നാഷണൽ ചെയർമാനായും, 58 കോമൺവെൽത്ത് രാജ്യങ്ങൾ ഉൾപ്പെടുന്ന ഇന്ത്യാ കോമൺവെൽത്ത് ട്രേഡ് കമ്മീഷണറായും സേവനം അനുഷ്ഠിക്കുന്നു.

**“ ഭൗതികമായ നേട്ടങ്ങളുടെ കൊടുമുടിയിൽ നിൽക്കുമ്പോഴും, തനിക്ക് ലഭിച്ച എല്ലാ സൗഭാഗ്യങ്ങളിലും വലുത് തന്റെ കുടുംബമാണെന്ന് ഈ മനുഷ്യസ്നേഹി വിനയത്തോടെ സ്മരിക്കുന്നു.ഡോ. വർഗ്ഗീസ് മൂലന്റെ എല്ലാ വിജയങ്ങൾക്കും കരുത്തുപകർന്ന് പ്രിയപത്നി മാർഗരറ്റ് തണലായി കൂടെയുണ്ട്. പിതാവിന്റെ പാത പിന്തുടർന്ന് യു.കെ.യിലെ വെയിൽസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എ ബിരുദം നേടിയ മകൻ വിജയ് മൂലൻ കമ്പനിയുടെ ഡയറക്ടറായി തന്റെ കഴിവ് തെളിയിക്കുന്നു.കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദധാരിയായ മരുമകൾ കാശ്മീര കുടുംബ ബിസിനസ്സിൽ പങ്കാളിയാണ്. മകൾ ഡോ. ജയശ്രീ മൂലൻ, ഭർത്താവ് ഡോ. കിരൺ നായർക്കൊപ്പം സിഡ്നിയിൽ സ്ഥിരതാമസമാണ്. കൊച്ചുമക്കളായ മന്ത്രയും ശ്രേയയുംഡോ. വർഗ്ഗീസ് മൂലന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ സന്തോഷങ്ങളാണ്.**











ഭൗതികമായ നേട്ടങ്ങളുടെ കൊടുമുടിയിൽ നിൽക്കുമ്പോഴും, തനിക്ക് ലഭിച്ച എല്ലാ സൗഭാഗ്യങ്ങളിലും വലുത് തന്റെ കുടുംബമാണെന്ന് ഈ മനുഷ്യസ്നേഹി വിനയത്തോടെ സ്മരിക്കുന്നു.ഡോ. വർഗ്ഗീസ് മൂലന്റെ എല്ലാ വിജയങ്ങൾക്കും കരുത്തുപകർന്ന് പ്രിയപത്നി മാർഗരറ്റ് തണലായി കൂടെയുണ്ട്. പിതാവിന്റെ പാത പിന്തുടർന്ന് യു.കെ.യിലെ വെയിൽസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എ ബിരുദം നേടിയ മകൻ വിജയ് മൂലൻ കമ്പനിയുടെ ഡയറക്ടറായി തന്റെ കഴിവ് തെളിയിക്കുന്നു.കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദധാരിയായ മരുമകൾ കാശ്മീര കുടുംബ ബിസിനസ്സിൽ പങ്കാളിയാണ്. മകൾ ഡോ. ജയശ്രീ മൂലൻ, ഭർത്താവ് ഡോ. കിരൺ നായർക്കൊപ്പം സിഡ്നിയിൽ സ്ഥിരതാമസമാണ്. കൊച്ചുമക്കളായ മന്ത്രയും ശ്രേയയുംഡോ. വർഗ്ഗീസ് മൂലന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ സന്തോഷങ്ങളാണ്.

സ്വന്തം ജീവിതം കൊണ്ട് അളവറ്റ വിജയഗാഥകൾ രചിക്കുമ്പോഴും നന്മയും മാനവികതയും ഹൃദയത്തോട് ചേർത്തു പിടിക്കുന്ന ഡോ. വർഗ്ഗീസ് മൂലൻ, കേവലം ഒരു ബിസിനസ്സുകാരൻ എന്നതിലപ്പുറം, അറിവിന്റെ മാനവികതയുടെയും, മനുഷ്യ സ്നേഹത്തിന്റെയും ഉത്തമ ഉദാഹരണമാണ്. താൻ നേടിയ അംഗീകാരങ്ങളോ പദവികളോ ഒന്നുംതന്നെ തന്റെ വിനയത്തിന് തടസ്സമാകാതിരിക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചു കൊണ്ടിരുന്നു. പ്രതിസന്ധികളെ ഇച്ഛാശക്തിയോടെ നേരിടാനും, നേട്ടങ്ങളുടെ കൊടുമുടിയിൽ നിൽക്കുമ്പോഴും കുടുംബത്തിനും സമൂഹത്തിനും വേണ്ടി സമയം കണ്ടെത്താനും കഴിയുന്നതാണ് യഥാർത്ഥ വിജയമെന്ന് ഡോ. വർഗ്ഗീസ് മൂലൻ സ്വന്തം ജീവിതത്തിലൂടെ തെളിയിക്കുന്നു. മണ്ണിൽ വേരുകളാഴ്ത്തി നിൽക്കുമ്പോഴും ആകാശത്തോളം വളരാൻ ആഗ്രഹിക്കുന്ന പുതുതലമുറയിലെ ഏതൊരു സംരംഭകനും ഡോ. വർഗ്ഗീസ് മൂലൻ എന്ന നാമം ഒരു ഊർജ്ജമാണ്. സ്വപ്നങ്ങൾക്ക് അതിരുകളില്ലെന്നും, കഠിനാധ്വാനവും മൂല്യാധിഷ്ഠിതമായ കാഴ്ചപ്പാടും ഉണ്ടെങ്കിൽ ലോകത്തിന്റെ ഏത് കോണിലും വിജയക്കൊടി പാറിക്കാമെന്നും ഡോ. വർഗ്ഗീസ് മൂലന്റെ ജീവിതഗാഥ നമ്മെ ഓർമ്മിപ്പിക്കുന്നു. ലാഭേച്ഛയില്ലാത്ത സ്നേഹവും അറിവിനോടുള്ള അടങ്ങാത്ത അഭിനിവേശവും കൈമുതലായുള്ള ഈ മഹദ്വ്യക്തിത്വം, വരുംതലമുറകൾക്ക് മാതൃകയാക്കാവുന്ന ഒരു ജീവിക്കുന്ന ഇതിഹാസമായി തന്റെ യാത്ര ഇന്നും തുടരുന്നു.... ●

# ടി.പി. ശ്രീനിവാസൻ: നയതന്ത്രവീഥിയിലെ കർമ്മയോഗി

**വാണിജ്യ ബ്യൂറോ**

**ചരിത്രത്തിന്റെ നിശ്ശബ്ദമായ ഏടുകളിലൂടെ സഞ്ചരിക്കുന്ന ചില മനുഷ്യരുണ്ട്; വലിയ ആരവങ്ങളില്ലാതെ നടന്നുനീങ്ങുമ്പോഴും രാജ്യത്തിന്റെ ഗതിനിർണ്ണയിക്കുന്ന സുപ്രധാന നിമിഷങ്ങളിൽ സ്വന്തം മുദ്ര പതിപ്പിക്കുന്നവർ. അത്തരമൊരു വേറിട്ട വ്യക്തിത്വത്തിന് ഉടമയാണ് ടി.പി. ശ്രീനിവാസൻ എന്ന ഭാരതത്തിന്റെ നയതന്ത്രവീഥിയിലെ കർമ്മയോഗി. കേരളത്തിന്റെ തനിമയാർന്ന സാംസ്കാരിക പാരമ്പര്യത്തിൽ വളർന്ന് ലോകരാഷ്ട്രീയത്തിന്റെ സങ്കീർണ്ണമായ വഴിത്താരകളിലേക്ക് പടർന്നപ്പോഴും, വിനയമെന്ന സ്വഭാവമഹിമ കൈവിടാതെയാണ് അദ്ദേഹം ഭാരതത്തെ പ്രതിനിധീകരിച്ചത്. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വേദികളിലും അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയിലെ നിർണ്ണായക ചർച്ചകളിലും ഭാരതത്തിന്റെ ശബ്ദം സന്തുലിതമായ ബുദ്ധി വൈഭവത്തോടെയും ദൃഢമായ നയതന്ത്ര നൈപുണ്യത്തോടും കൂടിയാണ് ഈ അതുല്യ പ്രതിഭ അവതരിപ്പിച്ചത്.**
**വിവിധ രാജ്യങ്ങളിലെ അംബാസഡറായും കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായും സേവനമനുഷ്ഠിച്ച കാലഘട്ടങ്ങളിൽ, ഔദ്യോഗിക രേഖകൾക്കപ്പുറം മാനുഷിക ബന്ധങ്ങൾക്കും സാംസ്കാരിക മൂല്യങ്ങൾക്കും അദ്ദേഹം നൽകിയ പ്രാധാന്യം അധികാരത്തിന്റെ ഭാഷയെക്കാൾ ബോധ്യത്തിന്റെ ശൈലിക്ക് മുൻതൂക്കം നൽകുന്നതായിരുന്നു. അക്ഷരാർത്ഥത്തിൽ ടി.പി. ശ്രീനിവാസന്റെ നയതന്ത്ര ജീവിതം, ഭാരതത്തിന്റെ ആഗോള നിലപാടുകൾക്ക് കൂടുതൽ വിശ്വാസ്യതയും മാന്യതയും പകർന്നു നൽകിയ ഒരു യാത്രയായിരുന്നു. വ്യക്തിപരമായ വളർച്ചയും രാഷ്ട്രത്തോടുള്ള പ്രതിബദ്ധതയും ഒരേ പാതയിൽ സംഗമിക്കുന്ന അപൂർവ്വമായൊരു ചരിത്രസാക്ഷ്യം. അതായിരുന്നു ടി.പി. ശ്രീനിവാസന്റെ ജീവിതം. ശാന്തവും എന്നാൽ ദീർഘവീക്ഷണമുള്ളതുമായ ആ നയതന്ത്ര പ്രയാണത്തിന്റെ നേർചിത്രത്തിലൂടെ....**

### കായംകുളത്തുനിന്ന് ലോകവേദികളിലേക്ക്: ഒരു നയതന്ത്ര പ്രയാണം

കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴയുടെ മണ്ണിൽ, കടലും കായലും കൈകോർക്കുന്ന പ്രശാന്തമായ ഭൂമികയാണ് കായംകുളം. ചരിത്രവും പ്രകൃതിയും ഇഴചേർന്ന് നിൽക്കുന്ന ഈ നാടിന്, ആരവങ്ങളേക്കാൾ ആത്മഗൗരവങ്ങളായിരുന്നു എന്നും മുഖമുദ്ര. പുരാതന വ്യാപാരപാതകളുടെ സ്മരണകളും സ്വാതന്ത്ര്യ സമരത്തിന്റെ നിശ്ശബ്ദമായ കാൽപ്പാടുകളും പേറുന്ന ഈ മണ്ണിൽ, തെറ്റാലിൽ വീട്ടിൽ അധ്യാപകനായ പരമേശ്വരൻപിള്ളയുടെയും ചെല്ലമ്മയുടെയും പുത്രനായി 1944 ജൂൺ 17നായിരുന്നു ടി.പി. ശ്രീനിവാസന്റെ ജനനം. അധ്യാപകനായ പിതാവിന്റെ ലാളിത്യവും ദൃഢതയും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ബാല്യം. പുസ്തകങ്ങളോടുള്ള ആദരവും, ഭാഷയോടുള്ള അനുരാഗവും, അറിവിനായുള്ള അടങ്ങാത്ത ദാഹവും നന്നെ ചെറുപ്രായത്തിൽ തന്നെ അദ്ദേഹത്തിൽ വേരോടിരുന്നു.

കായംകുളത്തെ വിദ്യാലയമുറ്റങ്ങളിൽ നിന്നുള്ള ആ പ്രയാണം 1960ൽ തിരുവനന്തപുരത്തെ ഇന്റർമീഡിയറ്റ് കോളേജിലേക്കെത്തുമ്പോൾ, അത് വെറുമൊരു പഠനമാറ്റമായിരുന്നില്ല; മറിച്ച്, ലോകമെന്ന മഹാസമുദ്രത്തിലേക്കുള്ള ആദ്യത്തെ കവാടമായിരുന്നു. തുടർന്ന് പ്രശസ്തമായ യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഉന്നത മാർക്കോടെ കരസ്ഥമാക്കിയപ്പോൾ, വാക്കുകൾ അദ്ദേഹത്തിന് കേവലം ആശയവിനിമയ ഉപാധിയല്ലയിരുന്നു. മറിച്ച് മൂർച്ചയുള്ള നയതന്ത്രത്തിന്റെ പടച്ചട്ടയണിയാനുള്ള തയ്യാറെടുപ്പുകളായിരുന്നു.

മാർ ഇവാനിയോസ് കോളേജിലെ ഹ്രസ്വമായ അധ്യാപന ജീവിതത്തിൽ, പാഠപുസ്തകങ്ങൾക്കപ്പുറം ചിന്തയുടെ സ്വാതന്ത്ര്യവും ഭാഷയുടെ ആത്മാവുമാണ് അദ്ദേഹം വിദ്യാർത്ഥികൾക്ക് പകർന്നു നൽകിയത്.

എന്നാൽ ക്ലാസ് മുറിയുടെ ചുവരുകൾക്കപ്പുറം ചരിത്രത്തിന്റെ വലിയ നിയോഗങ്ങൾ അദ്ദേഹത്തെ കാത്തിരിപ്പുണ്ടായിരുന്നു. 1967ലെ ഇന്ത്യൻ ഫോറിൻ സർവീസ് (IFS) പരീക്ഷയിലെ ഉജ്ജ്വല വിജയം, ഒരു അധ്യാപകന്റെ ശാന്തതയെ നയതന്ത്രജ്ഞന്റെ ദീർഘവീക്ഷണമാക്കി പരിവർത്തിപ്പിച്ചു. അങ്ങനെ പാഠപുസ്തകങ്ങൾ അടച്ചുവെച്ച് ടി.പി. ശ്രീനിവാസൻ ലോകത്തിന്റെ തുറന്ന പാഠശാലയിലേക്കു പ്രവേശിച്ചു. നയതന്ത്രമേഖലയിലെ അദ്ദേഹത്തിന്റെ ആദ്യ നിയമനം ടോക്കിയോയിലെ ഇന്ത്യൻ എംബസിയിൽ തേർഡ് സെക്രട്ടറി (ഠവശൃറ ടലരൃലമ്യേ) ആയിട്ടായിരുന്നു. ജപ്പാന്റെ ക്രമബദ്ധതയും, വാക്കുകളേക്കാൾ നിശ്ശബ്ദത സംസാരിക്കുന്ന സംസ്കാരവും അദ്ദേഹത്തിന് നയതന്ത്രത്തിന്റെ ആദ്യ പാഠങ്ങൾ പകർന്നുനൽകി. ഓരോ റിപ്പോർട്ടും സംഭാഷണവും നിരീക്ഷണവും അദ്ദേഹത്തെ അന്താരാഷ്ട്ര ബന്ധങ്ങളുടെ ആഴങ്ങളിലേക്ക് നയിച്ചു. ഭാഷയുടെ ശക്തിയും സൂക്ഷ്മതയുടെ രാഷ്ട്രീയവും അദ്ദേഹം അവിടെ നേരിട്ടറിഞ്ഞു.

തുടർന്നുള്ള വർഷങ്ങളിൽ സ്ഥാനക്കയറ്റങ്ങളോടെ ഉത്തരവാദിത്തങ്ങളും വർധിച്ചു. സെക്കൻഡ് സെക്രട്ടറി, പിന്നീട് ഫസ്റ്റ് സെക്രട്ടറി എന്നീ നിലകളിൽ ഭൂട്ടാനിലെ തിംഫുവിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. ഇന്ത്യയും അയൽരാജ്യവും തമ്മിലുള്ള സൗഹൃദത്തിന്റെ കാവലാളാകാനുള്ള അവസരമായിരുന്നു അത്. ഔപചാരികതകൾക്കപ്പുറം വിശ്വാസം എങ്ങനെ രാഷ്ട്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നുവെന്ന് പർവ്വതനിരകളുടെ മടിത്തട്ടിൽ വെച്ച് അദ്ദേഹം മനസ്സിലാക്കി.

തുടർന്ന് മോസ്കോയിലെ നിയമനം തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. ശീതയുദ്ധത്തിന്റെ നിഴൽ വീണ ആ കാലത്ത്, സെക്രട്ടറി ഓഫ് ലെഗേഷൻ (ഫസ്റ്റ് ക്ലാസ്) ആയി പ്രവർത്തിക്കുമ്പോൾ വാക്കുകൾ അതീവ ജാഗ്രതയോടെ ഉപയോഗിക്കേണ്ടതുണ്ടായിരുന്നു. വൻശക്തികളുടെ താൽപ്പര്യങ്ങൾ ഏറ്റുമുട്ടുമ്പോൾ ഇന്ത്യയുടെ സമതുലിതമായ നിലപാടുകൾ ഉറച്ച ശബ്ദത്തിൽ അവതരിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം.

1980കളിൽ ദക്ഷിണ പസഫിക് സമുദ്രതീരങ്ങളിലേക്ക് അദ്ദേഹത്തിന്റെ ഔദ്യോഗിക യാത്രകൾ നീണ്ടു. ഫിജിയിലെയും മറ്റ് ദ്വീപ് രാഷ്ട്രങ്ങളിലെയും ഇന്ത്യൻ അംബാസഡറായി സേവനമനുഷ്ഠിക്കവെ, ഭൂമിശാസ്ത്രപരമായ ദൂരം സൗഹൃദത്തിന് തടസ്സമല്ലെന്ന് അദ്ദേഹം തെളിയിച്ചു. ചെറിയ രാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങളിലും ഇന്ത്യയുടെ വലിയ ഹൃദയം പ്രകടമാക്കുന്ന നയത



ന്ത്രമാണ് അദ്ദേഹം അവിടെ കാഴ്ചവെച്ചത്.

ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭ, നെയ്റോബി, വാഷിംഗ്ടൺ തുടങ്ങി ഓരോ നഗരവും അദ്ദേഹത്തിന് പുതിയ വെല്ലുവിളികൾ നൽകി. ഐക്യരാഷ്ട്രസഭയിലെ സ്ഥിരം ഉപപ്രതിനിധി, കെനിയയിലെ ഹൈക്കമ്മീഷണർ, വാഷിംഗ്ടണിലെ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ എന്നീ നിലകളിൽ പ്രവർത്തിക്കുമ്പോൾ ലോക രാഷ്ട്രീയത്തിന്റെ നാഡിമിടിപ്പ് അദ്ദേഹം തൊട്ടറിഞ്ഞു. ആ അവസരങ്ങളിൽചർച്ചാമേശകളിൽ ഉയർന്നത് കേവലം രാജ്യങ്ങളുടെ നിലപാടുകൾ മാത്രമല്ല, മനുഷ്യരാശിയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ കൂടിയായിരുന്നു.

വിയന്നയിലെ ഐക്യരാഷ്ട്രസഭാ കേന്ദ്രത്തിലും അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയിലും എത്തിയപ്പോൾ ഉത്തരവാദിത്തങ്ങൾ കൂടുതൽ ഗൗരവതരമായി. ആണവോർജ്ജത്തിന്റെ സാങ്കേതികതയ്ക്കപ്പുറം, സമാധാനത്തിന്റെയും സുരക്ഷയുടെയും മാനവികതയുടെയും ഭാഷയിലാണ് അദ്ദേഹം അവിടെ ഇന്ത്യയെ പ്രതിനിധീകരിച്ചത്. പിന്നീട് ഓസ്ട്രിയയിലെയും സ്ലോവേനിയയിലെയും ഇന്ത്യൻ അംബാസഡറായി പ്രവർത്തിച്ചുകൊണ്ട് വിവിധ സംസ്കാരങ്ങൾക്കും ചരിത്രങ്ങൾക്കുമിടയിൽ സൗഹൃദത്തിന്റെ പാലങ്ങൾ പണിയുന്ന ദൗത്യവും അദ്ദേഹം വിജയകരമായി പൂർത്തിയാക്കി.

## കനൽപഥങ്ങൾ താണ്ടിയ നയതന്ത്രയാത്രകൾ

37 വർഷത്തെ ഔദ്യോഗിക ജീവിതം ടി.പി. ശ്രീനിവാസന് ഒരിക്കലും പൂമെത്ത വിരിച്ച ഒരു സുഖയാത്രയായിരുന്നില്ല. നയതന്ത്രം എന്നത് പലപ്പോഴും മൃദുവായ വാക്കുകളുടെയും ചിരികളുടെയും ലോകമായി ചിത്രീകരിക്കപ്പെടുമ്പോൾ, അതിന്റെ ഉള്ളറകളിൽ അധികാരത്തിന്റെ ക്രൂരതയും അനിശ്ചിതത്വത്തിന്റെ മൂർച്ചയും ഒളിഞ്ഞിരിപ്പുണ്ടെന്ന സത്യം അദ്ദേഹം നേരിട്ടറിഞ്ഞതാണ്.

1987ൽ ഫിജിയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി സേവനമനുഷ്ഠിക്കുമ്പോൾ ചരിത്രം അപ്രതീക്ഷിതമായാണ് അദ്ദേഹത്തിന്റെ വാതിലിൽ മുട്ടിയത്. സിതിവേനി ലിഗമാമഡ റബൂക്കയുടെ നേതൃത്വത്തിൽ നടന്ന പട്ടാള അട്ടിമറി, ഇന്ത്യൻ വംശജർക്ക് ശക്തമായ രാഷ്ട്രീയ സ്വാധീനമുണ്ടായിരുന്ന അന്നത്തെ സർക്കാരിനെ താഴെയിറക്കി. ഫിജിയിലെ ഇന്ത്യൻ സമൂഹം ഭയത്തിലും അനിശ്ചിതത്വത്തിലും ആഴ്ന്നുപോയ ആ ഘട്ടത്തിൽ, പട്ടാള ഭരണകൂടത്തെ അംഗീകരിക്കാതെ അവിടുത്തെ ഇന്ത്യക്കാരുടെ അവകാശങ്ങൾക്കായി ഉറച്ചുനിൽക്കാനാണ് ഇന്ത്യൻ സർക്കാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടത്. അതൊരു വെറും നയതന്ത്ര നിർദ്ദേശമായിരുന്നില്ല; ഒരാളുടെ സുരക്ഷ തന്നെ പണയപ്പെടുത്തുന്ന ഉത്തരവായിരുന്നു. രണ്ടു വർഷം നീണ്ട നയതന്ത്ര വടംവലികൾക്കൊടുവിൽ റബൂക്കയുടെ വിധി എത്തി: 72 മണിക്കൂറിനകം ടി.പി. ശ്രീനിവാസൻ രാജ്യം വിടണം. ഒരു അംബാസഡറെ ഔദ്യോഗികമായി പുറത്താക്കുന്ന അപൂർവ്വമായ കാഴ്ചയ്ക്ക് അന്ന് ഫിജി സാക്ഷിയായി. അദ്ദേഹത്തിന്റെ മടക്കത്തിന് ശേഷം ഇന്ത്യൻ ഹൈക്കമ്മീഷനും സാംസ്കാരിക കേന്ദ്രവും ആറുമാസത്തോളം അടച്ചിടേണ്ടി വന്നു. എന്നാൽ, അദ്ദേഹം സംരക്ഷിച്ചത് തന്റെ പദവിയല്ല, മറിച്ച് ഫിജിയിലെ ആയിരക്കണക്കിന് ഇന്ത്യൻ വംശജരുടെ ആത്മവിശ്വാസമായിരുന്നു.

> **നയതന്ത്രവും സാമൂഹ്യസേവനവും മാത്രമല്ല ടി.പി. ശ്രീനിവാസന്റെ ജീവിതത്തെ നിർവചിക്കുന്നത്; ചിന്തയുടെയും വാക്കിന്റെയും ലോകത്ത് അദ്ദേഹം പതിപ്പിച്ച കയ്യൊപ്പ് അതിലും ആഴത്തിലുള്ളതാണ്. ഔദ്യോഗിക പദവികൾ ഒഴിഞ്ഞശേഷവും തന്റെ അനുഭവസമ്പത്തിനെ അക്ഷരങ്ങളിലേക്ക് പരിവർത്തിപ്പിച്ചപ്പോൾ, ഒരു നയതന്ത്രജ്ഞനിൽ നിന്ന് എഴുത്തുകാരനിലേക്കും പണ്ഡിതനിലേക്കുമുള്ള അദ്ദേഹത്തിന്റെ വളർച്ച സ്വാഭാവികമായിരുന്നു.**



ഫിജിയിലെ അനുഭവങ്ങൾ അവസാനിച്ചപ്പോൾ വിധി അദ്ദേഹത്തെ നയിച്ചത് അതിലും അപകടകരമായ മറ്റൊരു ഭൂമികയിലേക്കാണ്. 1995ൽ കെനിയയിലെ ഹൈക്കമ്മീഷണറായിരിക്കെ അവിടുത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ കലുഷിതമായി. പ്രതിപക്ഷ കക്ഷികൾ ഇന്ത്യൻ ബിസിനസുകാരോട് സാമ്പത്തിക സഹായം ആവശ്യപ്പെടുകയും, വഴങ്ങാത്ത പക്ഷം ഇന്ത്യക്കാരുടെ സുരക്ഷ അപകടത്തിലാകുമെന്ന് അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും ചെയ്തു. നയതന്ത്രത്തിന്റെ പേരിൽ അത്തരം ഭീഷണികൾക്ക് കീഴടങ്ങാൻ അദ്ദേഹം തയ്യാറായില്ല. അതിന്റെ വില ക്രൂരമായിരുന്നു. 1995 നവംബർ 5ന് പുലർച്ചെ, അക്രമികൾ ഭൂമിക്കടിയിലൂടെ തുരങ്കം നിർമ്മിച്ച് അദ്ദേഹത്തിന്റെ വസതിയുടെ ഉള്ളിലേക്ക് അതിക്രമിച്ചു കയറി. ഒരു രാഷ്ട്രത്തിന്റെ പ്രതിനിധിക്കെതിരെ നടന്ന ആ ആക്രമണത്തിൽ അദ്ദേഹത്തിന്റെ ഇടതുകൈയ്ക്കും ഇടുപ്പിനും ഗുരുതരമായി പരിക്കേറ്റു. എന്നാൽ ശരീരത്തിലേറ്റ മുറിവുകളേക്കാൾ നിയമത്തിന്റെയും ധാർമ്മികതയുടെയും മൂല്യങ്ങൾ മുറുകെപ്പിടിച്ചതിന്റെ സംതൃപ്തിയാണ് അദ്ദേഹത്തെ നയിച്ചത്.

ഇവ മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ. ഐക്യരാഷ്ട്രസഭയിലും വിയന്നയിലെ ആണവോർജ്ജ ചർച്ചകളിലും അദ്ദേഹം നേരിട്ടത് മറ്റൊരു തരത്തിലുള്ള സമ്മർദ്ദങ്ങളായിരുന്നു. ആണവനിരോധനവും ആഗോള സുരക്ഷയും ചർച്ചയാകുന്ന വേദികളിൽ ഇന്ത്യയുടെ സ്വതന്ത്ര നിലപാടുകൾ വൻശക്തികളെ അസ്വസ്ഥമാക്കി. നേരിട്ടുള്ള ഭീഷണികളില്ലെങ്കിലും, നിശ്ശബ്ദമായ രാഷ്ട്രീയ സമ്മർദ്ദങ്ങളിലൂടെ ഇന്ത്യയെ സ്വാധീനിക്കാൻ പലരും ശ്രമിച്ചു. അപ്പോഴും അദ്ദേഹം തലകുനിച്ചത് അധികാരത്തിന് മുന്നിലല്ല, മറിച്ച് താൻ വിശ്വസിക്കുന്ന തത്വങ്ങൾക്ക് മുന്നിലായിരുന്നു.

ഈ അനുഭവങ്ങളെല്ലാമാണ് ടി.പി. ശ്രീനിവാസന്റെ നയതന്ത്ര ജീവിതത്തെ വെറും പദവികളുടെ പട്ടികയിൽ നിന്നും ധൈര്യത്തിന്റെയും മനുഷ്യാവകാശങ്ങളോടുള്ള പ്രതിബദ്ധതയുടെയും ഇതിഹാസമാക്കി മാറ്റിയത്. അപകടങ്ങളും അക്രമങ്ങളും അദ്ദേഹത്തെ തളർത്തിയില്ല; പകരം, ഇന്ത്യയെ പ്രതിനിധീകരിക്കുക എന്നത് അധികാരപ്രകടനമല്ല, മറിച്ച് വലിയൊരു ഉത്തരവാദിത്തമാണെന്ന ബോധ്യം അദ്ദേഹത്തിൽ ദൃഢമാക്കി. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് അദ്ദേഹം മടങ്ങിയത് ഒരു മുൻ അംബാസഡറായി മാത്രമല്ല, ചരിത്രത്തിന്റെ പരീക്ഷണങ്ങളിൽ വിജയിച്ച ഒരു ധീരനായ നയതന്ത്രജ്ഞനായിട്ടു കൂടിയാണ്.

## സ്വന്തം മണ്ണിലെ പരിക്ഷണങ്ങൾ

2004ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചപ്പോൾ, അത് ഒരു ദീർഘയാത്രയുടെ അവസാനമായിരുന്നില്ല; മറിച്ച് മറ്റൊരു കർമ്മപഥത്തിന്റെ തുടക്കമായിരുന്നു. ദേശീയ സുരക്ഷാ ഉപദേശക സമിതിയിലെ സേവനത്തിലൂടെയും കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ ഉത്തരവാദിത്തങ്ങളിലൂടെയും അദ്ദേഹം വീണ്ടും പൊതുസമൂഹത്തിന്റെ മുൻനിരയിലേക്ക് വന്നു. എന്നാൽ, ലോകത്തെ വിറപ്പിച്ച വൻശക്തികൾക്ക് മുന്നിൽ പതറാതെ നിന്ന ഈ നയതന്ത്രജ്ഞന് സ്വന്തം നാട്ടിൽ നിന്ന് നേരിടേണ്ടി വന്നത് തികച്ചും വേദനാജനകമായ അനുഭവങ്ങളായിരുന്നു.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപാധ്യക്ഷനായിരിക്കെ, 2016 ജനുവരിയിൽ കോവളത്ത് നടന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിനെത്തിയ ടി.പി. ശ്രീനിവാസൻ ക്രൂരമായ രീതിയിൽ കൈയേറ്റം ചെയ്യപ്പെട്ടു. സമ്മേളന വേദിയായ ലീല ഹോട്ടലിലേക്ക് എത്തിയ അദ്ദേഹത്തെ ഒരു വിഭാഗം വിദ്യാർത്ഥി സംഘടന പ്രവർത്തകർ തടയുകയും, പിന്തുടർന്നെത്തിയ ഒരാൾ അദ്ദേഹത്തെ അടിച്ചു വീഴ്ത്തുകയുമായിരുന്നു. അക്രമാസക്തരായ പ്രതിഷേധക്കാരെ പിരിച്ചുവിടാൻ പോലീസ് ലാത്തിചാർജ് നടത്തിയെങ്കിലും, താൻ മർദ്ദനമേറ്റു വീഴുമ്പോൾ പോലീസ് വെറും കാഴ്ചക്കാരായി നിൽക്കുകയായിരുന്നുവെന്ന് അദ്ദേഹം പിന്നീട് വേദനയോടെ ഓർത്തെടുത്തു. വിദ്യാഭ്യാസ കച്ചവടത്തിനെതിരെയുള്ള പ്രതിഷേധം എന്ന പേരിലായിരുന്നു ആ അക്രമം. പിന്നീട് രാഷ്ട്രീയ നേതൃത്വങ്ങൾ ഈ സംഭവത്തിൽ ക്ഷമാപണം നടത്തിയെങ്കിലും, ലോകവേദികളിൽ ഇന്ത്യയുടെ അഭിമാനമുയർത്തിയ ഒരു വ്യക്തിക്ക് സ്വന്തം മണ്ണിൽ ലഭിച്ച ആ മുറിവ് വലിയ ചർച്ചകൾക്ക് വഴിവെച്ചു.

ഇത്തരത്തിലുള്ള തിക്താനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴും, അറിവിന്റെ വെളിച്ചം പടർത്തുന്നതിൽ അദ്ദേഹം വിമുഖത കാണിച്ചില്ല. ടെലിവിഷൻ സ്ക്രീനിൽ 'വിദേശ വിചാരം' എന്ന പരിപാടിയിലൂടെ ലോകവാർത്തകളെയും അന്താരാഷ്ട്ര രാഷ്ട്രീയത്തെയും സാധാരണക്കാരായ മലയാളികളുടെ ദിനചര്യയുടെ ഭാഗമാക്കി അദ്ദേഹം മാറ്റി. അവിടെ സംസാരിച്ചത് വെറുമൊരു മുൻ അംബാസഡർ മാത്രമായിരുന്നില്ല, മറിച്ച് ലോകത്തെ അനുഭവിച്ചു പഠിച്ച ഒരു വലിയ കഥാകാരൻ കൂടിയായിരുന്നു.

## നയതന്ത്രം അക്ഷരക്കൂട്ടുകളായപ്പോൾ: ടി.പി. യുടെ സാഹിത്യയാത്ര

നയതന്ത്രവും സാമൂഹ്യസേവനവും മാത്രമല്ല ടി.പി. ശ്രീനിവാസന്റെ ജീവിതത്തെ നിർവചിക്കുന്നത്; ചിന്തയുടെയും വാക്കിന്റെയും ലോകത്ത് അദ്ദേഹം പതിപ്പിച്ച കയ്യൊപ്പ് അതിലും ആഴത്തിലുള്ളതാണ്. ഔദ്യോഗിക പദവികൾ ഒഴിഞ്ഞ

Best Compliments from
MACKENNA MINING INDIA (P) LTD.
www.mackennamining.com
PULIKKOTTIL BUILDING, 2nd FLOOR
DOOR NO: P3,66/4621-B4
OPPOSITE HOTEL GREEN LAND RESIDENCY
MONASTERY ROAD, KARIKKAMURI
ERNAKULAM - 682011
KERALA, SOUTH INDIA.
9447 397 345 | 7025 025 999
info@mackennamining.com
mackennaminingprivatelimited@gmail.com

ശേഷവും തന്റെ അനുഭവസമ്പത്തിനെ അക്ഷരങ്ങളിലേക്ക് പരിവർത്തിപ്പിച്ചപ്പോൾ, ഒരു നയതന്ത്രജ്ഞനിൽ നിന്ന് എഴുത്തുകാരനിലേക്കും പണ്ഡിതനിലേക്കുമുള്ള അദ്ദേഹത്തിന്റെ വളർച്ച സ്വാഭാവികമായിരുന്നു.

## ശ്രീനിവാസന്റെ പ്രധാന കൃതികളിലൂടെ ഒരു യാത്ര:

1. Diplomacy Liberated

ഇന്ത്യൻ ഗവൺമെന്റിൽ നയതന്ത്രജ്ഞനായി സേവനമനുഷ്ഠിച്ച 37 വർഷങ്ങളുടെയും വിരമിച്ച ശേഷമുള്ള പൊതുജീവിതത്തിന്റെയും സമാഹാരമാണ് ഈ കൃതി. ഔദ്യോഗിക രേഖകളുടെ വിരസതയില്ലാതെ, അനുഭവങ്ങളുടെ സ്വതന്ത്രമായ ഒഴുക്കാണ് ഈ ലേഖനസമാഹാരത്തെ വ്യത്യസ്തമാക്കുന്നത്. നയതന്ത്രത്തിന്റെ അടച്ചിട്ട മുറികളിലെ രഹസ്യ സംഭാഷണങ്ങൾ ഇവിടെ വായനക്കാർക്കായി തുറന്നുവെക്കപ്പെടുന്നു.

**2. 'രാജീവ് ചന്ദ്രശേഖർ: ഒരു വിജയ ഗാഥ'**

ഒരു സാധാരണ ഇടത്തരം കുടുംബത്തിൽ നിന്ന് വളർന്ന് ഇന്ത്യയിലെ പ്രമുഖ സംരംഭകനും കേന്ദ്രമന്ത്രിയുമായി മാറിയ രാജീവ് ചന്ദ്രശേഖറിന്റെ ജീവിതയാത്രയാണ് ഈ പുസ്തകം. അമേരിക്കയിലെ സാങ്കേതിക മേഖലയിലെ വിജയങ്ങളും പിന്നീട് ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനവും ഇതിൽ ഹൃദ്യമായി ആവിഷ്കരിച്ചിരിക്കുന്നു. വ്യക്തിയുടെ വളർച്ചയെ രാജ്യത്തിന്റെ മാറ്റങ്ങളുമായി ചേർത്തു വായിക്കാൻ ഈ പുസ്തകം സഹായിക്കുന്നു.

**3. നർമ്മം നയതന്ത്രത്തിൽ**

നയതന്ത്രത്തിന്റെ ഗൗരവമേറിയ ലോകത്തിന് പിന്നിലെ മാനുഷികമായ നർമ്മ മുഹൂർത്തങ്ങളാണ് ഈ കൃതിയുടെ പ്രമേയം. 22 ലളിതമായ അനുഭവങ്ങളിലൂടെ, കഠിനമായ ചർച്ചകൾക്കിടയിലും ചിരിക്ക് ഇടമുണ്ടെന്ന് അദ്ദേഹം വായനക്കാരെ ബോധ്യപ്പെടുത്തുന്നു.

**4. Indian Foreign Service: Charms and Challenges**

സിവിൽ സർവീസ് മോഹിക്കുന്ന യുവാക്കൾക്ക് ഇതൊരു മികച്ച വഴികാട്ടിയാണ്. ഇന്ത്യൻ വിദേശകാര്യ സർവീസിന്റെ (IFS) ആകർഷണങ്ങളും അതോടൊപ്പം നേരിടേണ്ടി വരുന്ന വെല്ലുവിളികളും യാഥാർത്ഥ്യബോധത്തോടെ ഇതിൽ അവതരിപ്പിക്കുന്നു.

**5. Modiplomay through a Shakespearean Prism**

നരേന്ദ്ര മോദിയുടെ നയതന്ത്ര മാതൃകകളെ ഷേക്സ്പിയർ കഥാപാത്രങ്ങളുമായും സാഹചര്യങ്ങളുമായും താരതമ്യം ചെയ്യുന്ന തികച്ചും വ്യത്യസ്തമായ ഒരു രാഷ്ട്രീയ വിശകലനമാണിത്. വീരാരാധനയോ മുൻവിധികളോ ഇല്ലാതെ, ഭരണാധികാരിയുടെ ശക്തിയും പരിമിതികളും വസ്തുനിഷ്ഠമായി ഇതിൽ വിലയിരുത്തപ്പെടുന്നു.



ടി.പി. ശ്രീനിവാസൻ ഭാര്യ ലേഖാ ശ്രീനിവാസനും മകൻ ശ്രീനിവാസൻ, മരുമകൾ രൂപ ഉണ്ണികൃഷ്ണൻ, കൊച്ചുമക്കൾ കൃഷ്ണ, ദുർഗ.

> **സമാനതകളില്ലാത്ത ഔദ്യോഗിക നേട്ടങ്ങൾക്കിടയിലും കുടുംബബന്ധങ്ങളെ നെഞ്ചോട് ചേർത്തുപിടിക്കുന്ന അപൂർവമായ സമതുലിതത്വമാണ് ഇന്ത്യൻ നയതന്ത്രരംഗത്തെ ഈ കർമ്മയോഗിയെ വ്യത്യസ്തനാക്കുന്നത്. ലോകത്തിന്റെ ശക്തികേന്ദ്രങ്ങളിൽ ഇന്ത്യയുടെ കരുത്തായി മാറിയപ്പോഴും, ആ കൈകളിൽ സ്നേഹത്തിന്റെ സൗമ്യത എന്നും നിലനിന്നു. പദവികൾക്കും ബഹുമതികൾക്കുമപ്പുറം, ഒരു നല്ല കുടുംബനാഥൻ പുലർത്തുന്ന ആത്മബന്ധങ്ങളാണ് ടി.പി. ശ്രീനിവാസന്റെ ജീവിതത്തെ പൂർണ്ണമാക്കുന്നത്. ചിത്രകാരിയും നർത്തകിയും 'കരുണ ചാരിറ്റീസ് ഇന്റർനാഷണലി'ന്റെ അധ്യക്ഷയുമായ ലേഖയാണ് ടി.പി ശ്രീനിവാസന്റെ സഹധർമ്മിണി. അദ്ദേഹത്തിന്റെ പ്രയാണങ്ങളിൽ തണലായി നിന്ന ശാന്തമായ ശക്തി സാന്നിദ്ധ്യം. നയതന്ത്രത്തിന്റെ കടുപ്പമേറിയ വഴികളിലും കലയും കരുണയും ചേർന്ന ജീവിതദർശനങ്ങൾക്ക് അദ്ദേഹത്തിന് താങ്ങായി നിന്ന മഹിളരത്നം.**

**മറ്റ് പ്രധാന കൃതികൾ:**

* Education of an Ambassador
* Venkat Forever (അംബാസഡർ വെങ്കിടേശ്വരനുള്ള ആദരം)
* Applied Diplomacy through the Prism of Mythology
* Mattering to India: The Shashi Tharoor Campaign
* Words, Words, Words –Adventures in Diplomacy


ഇതുകൂടാതെ നൂറുകണക്കിന് സമകാലീക പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചുവന്ന നിരവധി ലേഖനങ്ങ ളിലൂടെയും പ്രഭാഷണങ്ങളിലൂടെയും അന്താരാഷ്ട്ര വിഷയങ്ങളിൽ ഇന്നും സജീവമായ ഇടപെടലുകൾ നടത്തുന്ന അദ്ദേഹം, വെറുമൊരു മുൻ അംബാസഡർ മാത്രമല്ല; ലോകത്തെ വായിച്ചും വ്യാഖ്യാനിച്ചും വാക്കുകളാക്കി മാറ്റുന്ന ദീർഘദർശി കൂടിയാണെന്ന് സ്വന്തം കൃതികളിലൂടെ ടി.പി ശ്രീനിവാൻ അടിവരയിടുന്നു.

## സ്നേഹബന്ധങ്ങളുടെ തണൽമരം

സമാനതകളില്ലാത്ത ഔദ്യോഗിക നേട്ടങ്ങൾക്കിടയിലും കുടുംബബന്ധങ്ങളെ നെഞ്ചോട് ചേർത്തുപിടിക്കുന്ന അപൂർവമായ സമതുലിതത്വമാണ് ഇന്ത്യൻ നയതന്ത്രരംഗത്തെ ഈ കർമ്മയോഗിയെ വ്യത്യസ്തനാക്കുന്നത്. ലോകത്തിന്റെ ശക്തികേന്ദ്രങ്ങളിൽ ഇന്ത്യയുടെ കരുത്തായി മാറിയപ്പോഴും, ആ കൈകളിൽ സ്നേഹത്തിന്റെ സൗമ്യത എന്നും നിലനിന്നു. പദവികൾക്കും ബഹുമതികൾക്കുമപ്പുറം, ഒരു നല്ല കുടുംബനാഥൻ പുലർത്തുന്ന ആത്മബന്ധങ്ങളാണ് ടി.പി. ശ്രീനിവാസന്റെ ജീവിതത്തെ പൂർണ്ണമാക്കുന്നത്.


ചിത്രകാരിയും നർത്തകിയും 'കരുണ ചാരിറ്റീസ് ഇന്റർനാഷണലി'ന്റെ അധ്യക്ഷയുമായ ലേഖയാണ് ടി.പി ശ്രീനിവാസന്റെ സഹധർമ്മിണി. അദ്ദേഹത്തിന്റെ പ്രയാണങ്ങളിൽ തണലായി നിന്ന ശാന്തമായ ശക്തി സാന്നിദ്ധ്യം. നയതന്ത്രത്തിന്റെ കടുപ്പമേറിയ വഴികളിലും കലയും കരുണയും ചേർന്ന ജീവിതദർശനങ്ങൾക്ക് അദ്ദേഹത്തിന് താങ്ങായി നിന്ന മഹിളരത്നം. ഇരുവരും ചേർന്ന് തങ്ങളുടെ മൂല്യങ്ങളുടെ തുടർച്ച മക്കളിലൂടെയും ഇന്നും ലോകവേദിയിൽ പ്രതിഫലിക്കുന്നു. കൊളംബിയ സർവകലാശാലയിലെ മുൻ ജേർണലിസം പ്രൊഫസറും, വേൾഡ് മലയാളി കൗൺസിലിന്റെ മുൻ ചെയർപേഴ്സനുമായ ശ്രീനാഥാണ് ഇദ്ദേഹത്തിന്റെ മൂത്തപുത്രൻ. അദ്ദേഹം ന്യൂയോർക്കിലെ മെട്രോപൊളിറ്റൻ മ്യൂസിയം ഓഫ് ആർട്ടിന്റെ ചീഫ് ഡിജിറ്റൽ ഓഫീസറായി സാംസ്കാരിക പൈതൃകത്തെ സാങ്കേതികവിദ്യയുമായി കൂട്ടിയിണക്കുന്നു. ഇളയമകൻ ശ്രീകാന്ത്, ദുബായിലെ കെ.ഇ.എഫ് ഹോൾഡിംഗ്സിലും ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷനിലും പ്രവർത്തിച്ചുകൊണ്ട് ആഗോള ബിസിനസിനെ സാമൂഹിക പ്രതിബദ്ധതയുമായി ബന്ധിപ്പിക്കുന്നു.


കായംകുളത്തെ തെറ്റാലിൽ വീട്ടിൽ നിന്നാരംഭിച്ച ടി.പി. ശ്രീനിവാസന്റെ ജീവിതം ഭൂഖണ്ഡങ്ങൾ താണ്ടി ഇന്നും സേവന ത്തിന്റെയും ചിന്തയുടെയും പ്രകാശമായി തുടരുന്നു. ടി.പി. ശ്രീനിവാസന്റെ ജീവിതം കേവലം ഒരു വ്യക്തിയുടെ വിജയഗാഥയല്ല; മറിച്ച്, സ്വപ്നങ്ങൾക്ക് അതിരുകളില്ലെന്നും വേരുകൾ മണ്ണിലുറച്ചതാണെങ്കിൽ ലോകം ചെറുതാവുമെന്നും ഓരോ ആഗോള മലയാളിയെയും ഓർമ്മിപ്പിക്കുന്ന വലിയൊരു പ്രചോദനമാണ്. ●













# 2026 അവസാനത്തോടെ ദുബായ് 90 ശതമാനം പണമിടപാടുകളും ഡിജിറ്റലാക്കുന്നു: പ്രവാസികളും യാത്രക്കാരും എടുക്കേണ്ട മുൻകരുതലുകൾ

> ദുബായിലെ മിക്ക പെയ്മെന്റ് മെഷീനുകളും 'Tap and Go' സൗകര്യമുള്ളവയാണ്. അതിനാൽ വൈഫൈ സിഗ്നലുള്ള (Contact less) കാർഡുകൾ കൈവശം കരുതുന്നത് ഇടപാടുകൾ വേഗത്തിലാക്കാൻ സഹായിക്കും.

**2026 അവസാനത്തോടെ നഗരത്തിലെ 90 ശതമാനം പണമിടപാടുകളും കടലാസ് രഹിതമാക്കി, ദുബായിയെ ഒരു സമ്പൂർണ്ണ ക്യാഷ്‌ലെസ് (ഇമവൈഹലലൈ) സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാൻ അധികൃതർ ഒരുങ്ങുകയാണ്. ഈ വിപ്ലവകരമായ മാറ്റം ദുബായ് സന്ദർശിക്കാനിരിക്കുന്ന വിനോദസഞ്ചാരികളെയും പ്രവാസികളെയും എങ്ങനെയൊക്കെ ബാധിക്കുമെന്ന് പരിശോധിക്കാം.**

■ വാണിജ്യ ബ്യൂറോ



### 1. വിസ നടപടികൾ ഇനി പൂർണ്ണമായും ഡിജിറ്റൽ

ദുബായിലെ താമസക്കാർക്കും സന്ദർശകർക്കുമുള്ള വിസ, ഇമിഗ്രേഷൻ സേവനങ്ങൾ ഇനി പൂർണ്ണമായും ഡിജിറ്റൽ പെയ്മെന്റുകളിലേക്ക് മാറും. വിസ ഫീസുകൾ പണമായി (Cash) സ്വീകരിക്കുന്ന രീതി ഒഴിവാക്കി സ്മാർട്ട് പെയ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി GDRFA ഇതിനോടകം കരാറിൽ ഒപ്പിട്ടു കഴിഞ്ഞു.

### 2. ബാങ്ക് കാർഡുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കുക

നാട്ടിൽ നിന്നുള്ള ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് കാർഡുകൾ ദുബായിൽ ഉപയോഗിക്കുമ്പോൾ 2 മുതൽ 3 ശതമാനം വരെ 'ഫോറിൻ ട്രാൻസാക്ഷൻ ഫീ' ഈടാക്കാൻ സാധ്യതയുണ്ട്. ഷോപ്പിംഗ് മാളുകളിലും മറ്റും വലിയ തുകകൾ ചിലവാക്കുമ്പോൾ ഈ അധിക നിരക്ക് ഒഴിവാക്കാൻ ട്രാവൽ കാർഡുകളോ പ്രീപെയ്ഡ് കാർഡുകളോ ഉപയോഗിക്കുന്നതാണ് ലാഭകരം.

### 3. ടിപ്പിംഗ് (Tipping) രീതി മാറുന്നു

പണം കൈമാറുന്ന രീതി മാറുന്നതോടെ ഹോട്ടലുകളിലും മറ്റും ടിപ്പ് നൽകുന്ന രീതിയിലും മാറ്റം വരും. കരീം (Careem) പോലുള്ള ആപ്പുകൾ വഴി ഇപ്പോൾ തന്നെ ടിപ്പ് നൽകാനുള്ള സൗകര്യമുണ്ട്. റെസ്റ്റോറന്റുകളിൽ ബിൽ അടയ്ക്കുമ്പോൾ തന്നെ ടിപ്പ് തുക കൂടി ചേർക്കാനുള്ള ഓപ്ഷനുകൾ വരുംദിവസങ്ങളിൽ വ്യാപകമാകും.

### 4. വിമാനക്കമ്പനികളുടെ സഹായം

എമിറേറ്റ്സ്, ഫ്ലൈ ദുബായ് എന്നീ വിമാനക്കമ്പനികൾ ദുബായ് ഫിനാൻസുമായി സഹകരിച്ച് യാത്രക്കാരെ ഡിജിറ്റൽ പെയ്മെന്റുകൾക്കായി പ്രോത്സാഹിപ്പിക്കും. ടിക്കറ്റ് ബുക്ക് ചെയ്യുന്ന സമയം മുതൽ തന്നെ യാത്രക്കാർക്ക് ക്യാഷ്‌ലെസ് സംവിധാനങ്ങളെക്കുറിച്ച് അവബോധം നൽകാനും പ്രത്യേക ഓഫറുകൾ നൽകാനും ഇവർ പദ്ധതിയിടുന്നു.

### 5. കറൻസി നോട്ടുകൾ അപ്രത്യക്ഷമാകുമോ?

നിലവിൽ നോട്ടുകളും നാണയങ്ങളും ഉപയോഗിക്കുന്നതിന് വിലക്കില്ല. പെട്ടെന്നൊരു മാറ്റത്തിന് പകരം ഘട്ടം ഘട്ടമായാണ് ഡിജിറ്റൽ രീതി നടപ്പിലാക്കുന്നത്. അതിനാൽ കൈവശം പണമുള്ളവർക്ക് നിലവിൽ ആശങ്കപ്പെടേണ്ടതില്ലെങ്കിലും, ഭാവിയിൽ ഡിജിറ്റൽ സംവിധാനങ്ങൾ നിർബന്ധമായേക്കാം.

**പ്രവാസികളും യാത്രക്കാരും ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ**

ദുബായ് ക്യാഷ്‌ലെസ് വിപ്ലവത്തിലേക്ക് മാറുമ്പോൾ, അധിക നിരക്കുകൾ ഒഴിവാക്കാനും സുഗമമായ ഇടപാടുകൾക്കും താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാം:

- നിയോ ബാങ്കുകളും ട്രാവൽ കാർഡുകളും: സാധാരണ ഡെബിറ്റ് കാർഡുകൾക്ക് പകരം അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട Multi-currency Travel Cards (ഉദാഹരണത്തിന് Revolut, Wise) ഉപയോഗിക്കാം. എയർപോർട്ടുകളിൽ നിന്നോ എക്സ്ചേഞ്ചുകളിൽ നിന്നോ ലഭിക്കുന്ന 'Al Fardan' അല്ലെങ്കിൽ 'Travelex' പ്രീപെയ്ഡ് കാർഡുകൾ വാങ്ങി ദിർഹം ലോഡ് ചെയ്ത് ഉപയോഗിക്കുന്നതും ലാഭകരമാണ്.
- ഡിജിറ്റൽ വാലറ്റുകൾ: Apple Pay, Google Pay, Samsung Pay എന്നിവ ദുബായിലെ ചെറിയ കടകളിൽ പോലും ഇപ്പോൾ ലഭ്യമാണ്. കൂടാതെ ടാക്സി, ഭക്ഷണം, ബില്ലുകൾ എന്നിവയ്ക്ക് 'Care-em P-ay' പോലുള്ള സൂപ്പർ ആപ്പുകൾ ഉപയോഗിക്കാം.
- താമസക്കാർക്കായുള്ള ഡിജിറ്റൽ ബാങ്കിംഗ്: ദുബായിൽ താമസിക്കുന്നവർക്ക് വേഗത്തിൽ അക്കൗണ്ട് തുടങ്ങാൻ ഘൾ. (by Emirates NBD), Mashreq Neo, Wio Bank തുടങ്ങിയ ഡിജിറ്റൽ ബാങ്കുകളെ ആശ്രയിക്കാം.
- പൊതുഗതാഗതത്തിന് 'നോൾ' (No l) കാർഡ്: മെട്രോ, ബസ്, ടാക്സി എന്നിവയ്ക്ക് പുറമെ ഇപ്പോൾ സൂപ്പർ മാർക്കറ്റുകളിലും പാർക്കിംഗ് ഫീസുകൾ അടയ്ക്കാനും Nol Card ഉപയോഗിക്കാം. ഇത് കൈവശം വെക്കുന്നത് കറൻസിയുടെ ആവശ്യം കുറയ്ക്കും.

**പ്രത്യേകം ശ്രദ്ധിക്കുക:**

ദുബായിലെ മിക്ക പെയ്മെന്റ് മെഷീനുകളും 'Tap and Go' സൗകര്യമുള്ളവയാണ്. അതിനാൽ വൈഫൈ സിഗ്നലുള്ള (Contact less) കാർഡുകൾ കൈവശം കരുതുന്നത് ഇടപാടുകൾ വേഗത്തിലാക്കാൻ സഹായിക്കും. ●



A Jaya Group Enterprise
Wild Planet
NILGIRIS
LUXURY JUNGLE RESORT
Devala
Ph: 0495 2303106, 94008 35000
www.wildplanetresort.com






DER HÜTER DER ZEIT.

EINE ARMBANDUHR IST SO PRÄZISE WIE IHRE UNRUH. HERKÖMMLICHE UNRUH-SPIRALFEDERN WERDEN AUS EINER FERROMAGNETISCHEN EISEN-NICKEL-CHROM-LEGIERUNG HERGESTELLT, DIE SIE FÜR MAGNETFELDER UND SCHLÄGE ANFÄLLIG MACHT. IN FÜNFJÄHRIGER FORSCHUNGSARBEIT ENTWICKELTE ROLEX DIE BLAUE PARACHROM-SPIRALFEDER. DANK IHRER PARAMAGNETISCHEN NIOBIUM-ZIRKONIUM-OXID-LEGIERUNG WIRD SIE NICHT VON MAGNETFELDERN BEEINFLUSST UND HÄLT SCHLÄGEN BIS ZU 10-MAL MEHR STAND ALS KONVENTIONELLE SPIRALFEDERN. IHRE AUFFALLEND BLAUE FARBE IST DAS ERGEBNIS DES UM 50 BIS 100 NANOMETER ERHÖHTEN OXIDANTEILS DER OBERFLÄCHE. DER EINE DAUERHAFTE STABILITÄT BEWIRKT, VON JEHER WAR DAS BLAU DER SPIRALFEDER EIN ZEICHEN VON PRESTIGE UND NUR DEN AKKURATESTEN ARMBANDUHREN VORBEHALTEN. HEUTE IST ES DIE GARANTIE FÜR DIE PRÄZISION IHRER ROLEX.



OYSTER PERPETUAL GMT-MASTER II

ROLEX

ROLEX.COM
Rolex Deutschland GmbH
Postfach 10 30 41, 50470 Köln




Edited, Printed and Published by R.Rajan Edayadi, Edayadiyil Guest House, Cheravally (Via), Kayamkulam P.O., Alappuzha (Dist.), Kerala - 690 502. Printed at Sankarathil Offset Press, Nooranadu for Anatso Offset Printers. Reg. No.C4475/2000